## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 661 | 24-07-2007 -ൽ മറുപടിയ്ക്ക് |
|---|---|

**അംഗൻവാടികളിലെ കരിക്കുലം**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ. കെ..വി.കുഞ്ഞുരാമൻ**<br>**ശ്രീമതി.ജെ. അരുന്ധതി**<br>**ശ്രീ.ടി.പി.കുഞ്ഞുണ്ണി**<br>**ശ്രീമതി.കെ.എസ്. സലീഖ**<br>**ശ്രീ. മഞ്ഞളാംകുഴി അലി** | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്തെ അംഗൻവാടികളിലെ കരിക്കുലം ഏകീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) യും (ബി)യും<br>അംഗൻവാടികളിലെ പ്രീ പ്രൈമറി പ്രവർത്തനങ്ങൾക്ക് ഫലപ്രദമായ കരിക്കുലം തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ത്രിദിന ശില്പശാല തൃശൂർ ജില്ലയിൽ വച്ച് നടത്തുകയുണ്ടായി. തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട വിദഗ്ധരുടെ ഒരു കോർക്യാമ്പ് സംഘടിപ്പിക്കുകയും കരട് കരിക്കുലത്തിന് അന്തിമ രൂപം നൽകുകയും ചെയ്തിട്ടുണ്ട്. ആയത് ഇപ്പോൾ അച്ചടിച്ച് വിതരണത്തിന് തയ്യാറാക്കി വരികയാണ്. |
| (ബി) | സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ ഫലപ്രദമായ കരിക്കുലം തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ; | |

| | | |
|---|---|---|
| (സി) | അംഗൻവാടി കരിക്കുലത്തിൽ ഇപ്പോൾ എന്തെല്ലാം പഠനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (സി). അംഗൻവാടി കരിക്കുലത്തിൽ ഇപ്പോൾ താഴെപ്പറയുന്ന വിഷയങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br>1). ശൈശവകാല പരിപാലനവും വിദ്യാഭ്യാസവും - നൂതന കാഴ്ചപ്പാട്<br>2). ശിശുപരിപാലനവും വിദ്യാഭ്യാസവും - പാഠ്യപദ്ധതി സമീപനം.<br>3). മൂല്യാധിഷ്ഠിത വിദ്യാഭ്യാസം.<br>4). ശിശുകേന്ദ്രീകൃത വിദ്യാഭ്യാസം.<br>5). പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ.<br>6). ശൈശവകാല പരിപാലനവും വിദ്യാഭ്യാസവും - രക്ഷിതാക്കളുടേയും സമൂഹത്തിൻെറയും പങ്ക്.<br>7). ശാരിരിക ചാലക വികാസം.<br>8). വൈജ്ഞാനിക വികാസം.<br>9). ഭാഷാ വികാസം.<br>10). സാമൂഹിക വൈകാരിക വികാസം<br>11). ക്രിയാത്മകതയും സർഗ്ഗാത്മകതയും ആസ്വാദനവും.<br>12). കളിപ്രവർത്തനവും തീം രീതി ആസൂത്രണവും |
| (ഡി) | കുട്ടികളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ പദ്ധതി അംഗൻവാടികളിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി). ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള കരിക്കുലം പ്രധാനമായും കുട്ടികളെ കേന്ദ്രീകരിച്ചുള്ളതാണ്. |
| (ഇ) | അംഗൻവാടി കേന്ദ്രങ്ങളെ ഘട്ടം ഘട്ടമായി പ്രീ പ്രൈമറി സ്കൂളുകളായി മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഇ). അംഗൻവാടി കേന്ദ്രങ്ങളെ ഘട്ടം ഘട്ടമായി പ്രീപ്രൈമറി സ്കൂളുകളായി മാറ്റുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 662 — 24.07.2007 ൽ മറുപടിക്ക്

**സാമൂഹ്യ ജലസുരക്ഷാ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. ബി. രാഘവൻ<br>ശ്രീമതി കെ.കെ. ലതിക | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. സാമൂഹ്യ ജല സുരക്ഷാ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | (എ) ജനപങ്കാളിത്തത്തോടെ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും കുടിവെള്ള സ്രോതസ്സുകൾ മലിനമാകാതെ നിരീക്ഷിക്കുന്നതിനു മായി ആവിഷ്കരിച്ച സാമൂഹ്യ ജല സുരക്ഷാ പദ്ധതിയുടെ പ്രവർത്തനങ്ങൾ താഴെ പറയുന്നയാണ്:-<br>വ്യാപകമായ പ്രചരണ പരിശീലന പരിപാടി, സാനിട്ടറി സർവ്വെ, ഫീൽഡ് തലത്തി ലുള്ള പ്രാഥമിക ജല ഗുണനിലവാര പരിശോധന, ജില്ലാ സംസ്ഥാന ലബോറ ട്ടറികളിലെ വിദഗ്ധ പരിശോധന, ആവശ്യമായ പരിഹാര- പ്രതിരോധ നട പടികൾ സ്വീകരിക്കുക എന്നിവയാണ് പദ്ധതി യുടെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ |
| (ബി) കിണറുകളിലെ ജലം ഉപയോഗയോഗ്യമാണോ എന്ന് കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) കിണറുകളിലെ ജലത്തിന്റെ ഗുണനിലവാര പരിശോധന സംബന്ധിച്ച് താഴെപ്പറയുന്ന നടപടികൾ ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ പുരോഗമിച്ചുവരുന്നു.<br>1. കിണറുകളുടെ ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ചുകൊണ്ട് മലിനീകരണ സാധ്യതയുള്ളതാണോ എന്ന് കണ്ടെത്തുന്നതിനുള്ള സാനിട്ടറി സർവ്വെ |

---

2. ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് കുടിവെള്ളത്തിലെ P H മൂല്യം, നൈട്രേറ്റ് , ഇരുമ്പ്, ഫ്ളൂറൈഡ്, ക്ളോറൈഡ് എന്നിവയുടെ അളവ് കണ്ടെത്തുന്നതിന് പഞ്ചായത്ത് തലത്തിലുള്ള പ്രാഥമിക ജലഗുണനിലവാര പരിശോധന

3. പ്രാഥമികതല പരിശോധനയുടെ അടിസ്ഥാനത്തിൽ ഇവയുടെ 30% സാമ്പിളുകൾ കേരള വാട്ടർ അതോറിറ്റിയുടെ ജില്ലാ ലാബിൽ വിദഗ്ധപരിശോധനയ്ക്ക് വിധേയമാക്കുന്നു.

4. ജില്ലാ ലാബുകളിലെ പരിശോധനയുടെ അടിസ്ഥാനത്തിൽ സങ്കീർണ്ണമായ പ്രശ്നങ്ങൾ കണ്ടെത്തുന്ന പക്ഷം അവ ആലുവയിലുള്ള സംസ്ഥാന റെഫറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കുന്നു

| | |
|---|---|
| സി. കടൽത്തീരത്തും ജലം മലിനമാകാൻ ഇടയുള്ള പ്രദേശത്തും ഉള്ള കിണറുകൾ പരിശോധിക്കുന്നതിനും മാലിന്യം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) ഇത് സംബന്ധിച്ച നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ജനപങ്കാളിത്തം ഉറപ്പാക്കി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് |
| (ഡി) പദ്ധതിയിൽ സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നത് എപ്രകാരമാണ്; | (ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ,സ്കൂൾ വിദ്യാർത്ഥികൾ, അംഗൻവാടി പ്രവർത്തകർ, ആരോഗ്യപ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ പൂർണ്ണമായും ജനപങ്കാളിത്തം ഉറപ്പാക്കിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് |

| | |
|---|---|
| (ഇ) ഈ പദ്ധതിയ്ക്ക് ലഭിക്കുന്ന കേന്ദ്ര സഹായം സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ? | (ഇ) ഈ പദ്ധതി നിർവ്വഹണത്തിനായി കേരളത്തിന് കേന്ദ്ര സർക്കാർ 370.08 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 237.13 ലക്ഷം രൂപ ഇതിനോടകം ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.663 | 24.07.2007-ൽ മറുപടിയ്ക്ക്.

## രണ്ടാംഘട്ട ജനകീയാസൂത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ചന്ദ്രൻ<br>ശ്രീ. വി.എസ്.സുനിൽകുമാർ<br>ശ്രീ.കെ.രാജു<br>ശ്രീ.പള്ളിപ്രം ബാലൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) പതിനൊന്നാം പദ്ധതി രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതിയായി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഔദ്യോഗിക പ്രഖ്യാപനം 2007 ആഗസ്റ്റ് മാസത്തിൽ നടത്തുവാനാണുദ്ദേശിക്കുന്നത്. |
| (ബി) രണ്ടാംഘട്ടപദ്ധതിയിൽ ഏതെല്ലാം മേഖലകൾക്കാണ് പ്രാധാന്യം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതിയുടെ പ്രധാന മുൻഗണനകൾ താഴെ ചേർക്കുന്നു.<br>1. പ്രാദേശിക സാമ്പത്തിക വികസനം : കാർഷിക മേഖലയുടെ പുനരുദ്ധാരണവും കൂടുതൽ തൊഴിൽ സാദ്ധ്യതകളും വരുമാനവും ലഭ്യമാക്കുന്ന പ്രാദേശിക സാമ്പത്തിക വികസനവുമാണ് ലക്ഷ്യമിടുന്നത്.<br>2. സാമൂഹ്യനീതി : മുഖ്യധാരയിൽ വികസനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടവർക്ക് ഊന്നൽ നല്കിക്കൊണ്ട് സാമൂഹ്യനീതി ഉറപ്പാക്കുക.<br>3. പൊതുസേവനങ്ങളുടെ മേന്മ വർദ്ധിപ്പിക്കുക : വിദ്യാഭ്യാസം, ആരോഗ്യം, അംഗൻവാടികൾ, ശുചിത്വം, ജലവിതരണം, ഭവന നിർമ്മാണം, ഊർജ്ജസുരക്ഷ തുടങ്ങിയ മേഖലകളിൽ ജനങ്ങൾക്ക് നല്കുന്ന സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക. |

4. <u>സദ്ഭരണ നിർവ്വഹണം</u>:- ജനപങ്കാളിത്തം, കൃത്യമായ കണക്ക് സൂക്ഷിപ്പ്, സുതാര്യത, ഉത്തരവാദിത്വങ്ങൾ ഉറപ്പുവരുത്തുക, അഴിമതി ഇല്ലാതാക്കുക മുതലായ കാര്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് വികസന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനായി ഒരു സദ്ഭരണ പദ്ധതി തയ്യാറാക്കി നടപ്പാക്കുക.

(സി) ഈ ഘട്ടത്തിൽ പദ്ധതിയുടെ നടത്തിപ്പിൽ ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം മാർഗ്ഗ രേഖകളാണുള്ളതെന്ന് വിശദമാക്കുമോ?

(സി) 1. തദ്ദേശഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് അവയുടെ നേതൃത്വത്തിലാണ് പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, മറ്റ് വിദഗ്ദ്ധർ എന്നിവരെയാണ് വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തുന്നത്.

2. പദ്ധതിയുമായി നേരിട്ടും പരോക്ഷമായും ബന്ധമുള്ള എല്ലാ വിഭാഗം ആൾക്കാരുമായി കൂടിയാലോചനകൾ നടത്തണം.

3. സമൂഹത്തിന്റെ എല്ലാ മേഖലയിലും പെട്ടവർ ഗ്രാമസഭകളിലും വാർഡ് സഭകളിലും പങ്കെടുക്കുന്നുവെന്ന് ഉറപ്പുവരുത്താൻ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഭാഗത്തു നിന്ന് ബോധപൂർവ്വമായ ശ്രമം ഉണ്ടാകണം. മാധ്യമങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനകീയ സംഘടനകൾ, കുടുംബശ്രീ ശൃംഖല എന്നിവ മുഖേന വേണ്ടത്ര പ്രചരണം നടത്തി അനുകൂല സാഹചര്യം സൃഷ്ടിച്ചതിന് ശേഷമായിരിക്കണം യോഗം ചേരേണ്ടത്. വികസന പ്രശ്നങ്ങളെ തരംതിരിച്ച് മുൻഗണന നിശ്ചയിക്കുന്നതിനായി ഓരോ ഗ്രാമ/വാർഡ് സഭയ്ക്കും ആറ് ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം നൽകുന്നതാണ്. മുഖ്യവികസന പ്രശ്നങ്ങൾ ഗ്രാമ/വാർഡ് സഭയിൽ ചർച്ച ചെയ്ത് മുൻഗണന നിശ്ചയിക്കാൻ കഴിയുന്ന തരത്തിലാണ് കാര്യപരിപാടി നിശ്ചയിക്കുന്നത്.

4. ജീവിതത്തിന്റെ നാനാതുറകളിലെ പ്രതിനിധികളുടെയും പ്രൊഫഷണലുകളുടെയും പങ്കാളിത്തത്തോടെ വികസന സെമിനാർ നടത്തണം.

5. തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾ വിലയിരുത്തി ജില്ലാ ആസൂത്രണ സമിതിക്ക് അഭിപ്രായം ലഭ്യമാക്കുന്നതിനായി സാങ്കേതിക ഉപദേശക ഗ്രൂപ്പുകൾ രൂപീകരിക്കുന്നതാണ്. സർക്കാർ ഉദ്യോഗസ്ഥർക്ക് പുറമെ സർക്കാരിതരസ്ഥാപനങ്ങളിലെ വിദഗ്ദ്ധരെയും മറ്റ് പ്രാക്റ്റീഷണർമാരെയും ഈ സമിതികളിൽ അംഗങ്ങളാക്കുന്നതാണ്.

6. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പൊതു രേഖകളായിരിക്കുന്നതാണ്. ഭരണ നിർവ്വഹണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുജന പരാതി പരിഹാര സംവിധാനം ആവിഷ്ക്കരിക്കണം.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 664** | **24.07.2007 -ൽ മറുപടിക്ക്**

**മാലിന്യ മുക്ത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | പ്രൊഫ.കെ.വി. തോമസ് :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ.എം. മുരളി. | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രി |
| (എ) | "മാലിന്യ മുക്ത കേരളം" രണ്ടാം ഘട്ടം എന്നാരംഭിച്ചുവെന്നും ഈ ഘട്ടം എന്ന് അവസാനിക്കുമെന്നും വ്യക്തമാക്കുമോ; | (എ) | മാലിന്യ മുക്ത കേരളം ഒരു തുടർപദ്ധതിയാണ്. ഘട്ടംഘട്ടമായി നടപ്പാക്കുന്നതല്ല. ഈ പദ്ധതി ആരംഭിച്ചത് 2006 ഒക്ടോബർ രണ്ടിനാണ്. 2010 മാർച്ച് 31 വരെനീണ്ടു നിൽക്കുന്ന തുടർപ്രവർത്തനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | ഈ ഘട്ടത്തിൽ എന്തെല്ലാം കാര്യങ്ങൾ നേടുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (ബി) & (സി) | പദ്ധതി കാലയളവിൽ മുഴുവൻ വീടുകൾക്കും, സ്കൂളുകൾക്കും, അംഗനവാടികൾക്കും സാനിട്ടറി കക്കൂസ് നൽകുക, സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളെയും നിർമ്മൽ പുരസ്കാരത്തിന് അർഹമാക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ സംസ്കരണത്തിന് ആവശ്യമായ പ്ലാന്റുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സംപൂർണ്ണ ശുചിത്വാരോഗ്യ മിഷനും, ക്ലീൻ കേരള മിഷനും തയ്യാറാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.പദ്ധതിക്ക് ഘട്ടങ്ങൾ നിർണ്ണയിച്ചിട്ടില്ല. |
| (സി) | ഇനിയും ഈ പദ്ധതിയ്ക്ക് എത്ര ഘട്ടങ്ങളുണ്ട്; | | |
| (ഡി) | ഈ പദ്ധതിയുടെ എല്ലാ ഘട്ടങ്ങളും എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ; | (ഡി) | 2010 മാർച്ച് 31 വരെ നീണ്ടുനിൽക്കുന്ന വിവിധ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്. |

OVERNMENT OF KERALA

8449506

| | | |
|---|---|---|
| (ഇ) | തദവസരത്തിൽ കേരളം പൂർണ്ണമായും മാലിന്യ മുക്തമാകുമോ; | (ഇ) ചവറുനീക്കി കേരളത്തെ ശുചിയാക്കുന്ന ഒരു പരിപാടി മാത്രമല്ല മാലിന്യമുക്ത കേരളം പദ്ധതി. ബോധവൽക്കരണം മുതൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതുവരെയുള്ള ഒരു ബൃഹത് പരിപാടിയാണിത്. അതിനാൽ ഇന്ന ദിവസം കേരളം മാലിന്യമുക്തമായി എന്ന് പ്രഖ്യാപിക്കുന്നതിൽ അർത്ഥമില്ല. മാലിന്യസംസ്കരണ സംവിധാനങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സജ്ജമാകുകയും മാലിന്യസംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സമൂഹം ബോധ്യപ്പെടുകയും ചെയ്ത ശേഷമുള്ള തുടർപ്രവർത്തനം കൊണ്ട് മാത്രമേ കേരളത്തെ മാലിന്യമുക്തമാക്കി നിലനിർത്താൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

3493807

## അനുബന്ധം

## മാലിന്യ മുക്ത കേരളം പദ്ധതി

ബഹു ജന പങ്കാളിത്തത്തോടെ നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങളെ തുടർന്ന് തദ്ദേശ ഭരണ സ്ഥാപന തലത്തിൽ കർമ്മ സമിതികൾ രൂപീകരിച്ച് ഖര-ജല മാലിന്യ സംസ്കരണത്തിന് സമഗ്രമായ "സമീപന രേഖ" രൂപീകരിക്കുകയും, ഇതിനായി സർവ്വേ, പഞ്ചായത്ത് കൺവൻഷൻ, ഗ്രാമ സഭ എന്നിവ നടത്തുകയും ചെയ്തിരുന്നു. തുടർന്ന് സംസ്ഥാന തലത്തിൽ തന്നെ ആദ്യ വർഷ ലക്ഷ്യങ്ങൾ നിശ്ചയിച്ചു കൊണ്ട് പ്രവർത്തന ങ്ങൾക്ക് രൂപം നൽകി.

## പ്രവർത്തന രേഖ

കേരളത്തിലെ മുഴുവൻ വീടുകൾക്കും സാനിട്ടറി കക്കൂസുകൾ 2008 മാർച്ച് 31 നകം ഏർപ്പെടുത്തുന്ന തിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്

മുഴുവൻ സ്കൂളുകൾക്കും അംഗനവാടികൾക്കും സ്ഥാപനങ്ങൾക്കും മതിയായ സൗകര്യമുള്ള കക്കൂസുകൾ ഒരു വർഷത്തിനകം നിർമ്മിയ്ക്കുന്നതാണ്.

സംസ്ഥാനത്തെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളെയും നിർമ്മൽ ഗ്രാമ പുരസ്കാരത്തിന് അർഹമാക്കുന്ന നിലയിൽ കക്കൂസുകളുടെ നിർമ്മാണവും പരിസര ശുചിത്വവും ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിടുന്നു.

പെൺകുട്ടികളുടെയും സ്ത്രീകളുടെയും സവിശേഷ മായ ആവശ്യങ്ങൾ പരിഗണിച്ചുള്ള ശുചിത്വ കോംപ്ലക്സുകൾ സ്കൂളുകളിലും, പൊതു സ്ഥലങ്ങളിലും സ്ഥാപിക്കുക.

ചെറുപട്ടണങ്ങളിലെ ജംഗ്ഷനുകളിലും വ്യാപാര പ്രവർത്തനങ്ങൾക്ക് ഒത്തുചേരുന്ന കമ്പോളങ്ങളിലും ശുചിത്വ സൗകര്യങ്ങളോടുകൂടി സാനിട്ടറി കോംപ്ലക്സുകൾ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവ സ്ഥാപിയ്ക്കുക

സംസ്ഥാനത്തെ 152 ബ്ലോക്കിലെയും ഓരോ ഗ്രാമ പഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണത്തിനും, മലിന ജല സംസ്കരണത്തിനും സ്ഥാപനങ്ങളുടെ ശുചിത്വത്തിനും, കമ്പോളങ്ങൾ, കോളനികൾ, ഹോട്ടലുകൾ, സ്കൂൾ, ആശുപത്രി എന്നിവയുടെ ശുചിത്വ പൂർണമായ പരിസരം

സൃഷ്ടിക്കുന്നതിന് സമീപനരേഖ തയ്യാറാക്കുകയും 11-ാം പദ്ധതിയുടെ ഭാഗമായി അവ നടപ്പാക്കുകയും ചെയ്യുക

കൊതുകുകളും, ഈച്ചയും വളരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി പൊതുജന സംഘടനകളുടെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനവും പരിസര ശുചീകരണത്തിന് നേതൃത്വം നൽകുന്നതിന് സന്നദ്ധ ആരോഗ്യ പ്രവർത്തകരുടെ ഹെൽത്ത് പ്രൊമോഷൻ ടീമിനെയും പരിശീലിപ്പിച്ച് കർമ്മനിരതമാക്കുന്നതിനും പദ്ധതിയിട്ടു.

നഗരസഭയിൽ ഖരമാലിന്യ സംസ്കരണത്തിന് ആവശ്യമായ സ്ഥലം കണ്ടെത്തി ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുക.

ബഹുജന കാമ്പയിനും, ആസൂത്രണവും പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സമഗ്രമായി തന്നെ ഖര-ജല മാലിന്യ സംസ്ക്കരണ പദ്ധതികൾ നടപ്പാക്കുന്ന പൈലറ്റ് പ്രവർത്തനവും തുടർന്ന് സംസ്ഥാന വ്യാപകമായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 'മാലിന്യമുക്ത കേരളം' കൈവരിയ്ക്കുകയുമാണ് ലക്ഷ്യമിട്ടിട്ടുള്ളത് 2010 മാർച്ച് 31 വരെ നീണ്ടു നിൽക്കുന്ന വിവിധ പ്രവർത്തനങ്ങൾ ക്കാണ് രൂപം നൽകിയിട്ടുള്ളത്.

മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനാവശ്യമായ സംവിധാനങ്ങൾ, വീടുകളിലും,സ്ഥാപനങ്ങളിലും, പൊതു സ്ഥലങ്ങളിലും ചന്തകളിലും മറ്റും ഏർപ്പെടുത്തിയാൽ മാത്രം പോരാ. അവ സ്ഥായിയായി നിലനിൽക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും വേണം. ഓരോ വ്യക്തി യുടേയും പൗരബോധത്തിന്റെയും, സാമൂഹ്യബോധ ത്തിന്റെയും ഭാഗമാകുന്ന നിലയിൽ ആശയ വിദ്യാഭ്യാസ പ്രചാരണവും, പ്രവർത്തനവും ഇതിനോടൊപ്പം നടക്കേണ്ടതുണ്ട്. കർശനമായ നിയമ നടപടികൾ കൂടി സ്വീകരി ച്ചുകൊണ്ട് ആരോഗ്യമുള്ള പരിസരം സൃഷ്ടിക്കുന്നതിനും നിലനിർത്തുന്നതിനും സാധ്യമാകുമെന്ന് തന്നെയാണ് സർക്കാർ കരുതുന്ന ത്.

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 665 — 24.7.2007 ൽ മറുപടിക്ക്

### ശുദ്ധജലത്തിന്റെ അനധികൃത ഉപയോഗവും ചൂഷണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.അനിരുദ്ധൻ<br>ശ്രീ.പി. തിലോത്തമൻ<br>ശ്രീ. കെ.അജിത്ത്<br>ശ്രീ. രാജാജി മാത്യു തോമസ് | ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ശുദ്ധജലത്തിന്റെ അനധികൃത ഉപയോഗവും ചൂഷണവും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ തടയുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്നു വ്യക്തമാക്കുമോ; | എ) അനധികൃത ഉപയോഗം നടത്തുന്ന ഉപഭോക്താക്കളുടെ കണക്ഷൻ വിച്ഛേദിക്കുവാനും അതു കാരണം വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പ്രസ്തുത ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുവാനും നിയമവിരുദ്ധ പ്രവർത്തനം നടത്തുന്ന വ്യക്തികളിൽ നിന്ന് പിഴ ഈടാക്കുവാനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| ബി) ജലമോഷണത്തിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്? | ബി) ജലമോഷണം കണ്ടെത്തുവാനും അവയത് ഫലപ്രദമായി തടയുവാനും ഉദ്ദേശിച്ചുകൊണ്ട് തിരുവനന്തപുരം, കൊച്ചി മേഖലകളിൽ ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഇതു മറ്റു പ്രധാന മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഡിവിഷൻ തലത്തിൽ മോഷണം, ദുരുപയോഗം, അനധികൃത ഉപയോഗം എന്നിവ കണ്ടെത്തുന്ന മുറയ്ക്ക് നിയമവിരുദ്ധ പ്രവർത്തനത്തിനായി നിലവിലെ ചട്ടങ്ങൾ |

അനുസരിച്ച് പിഴയും മോഷ്ടിക്കപ്പെട്ടതായി അനുമാനിക്കുന്ന വെള്ളത്തിന്റെ തോത് കണക്കാക്കി വാട്ടർ ചാർജ്ജും ഈടാക്കുന്നുണ്ട്. അനധികൃത ഉപയോഗം,ജലമോഷണം എന്നിവ ശക്തമായി തടയുവാൻ ഉതകുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളാ വാട്ടർ സപ്ലൈ ആൻഡ് സിവറേജ് ആക്ട് 1986 ഭേദഗതി വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ ഭേദഗതിയിൽ അനധികൃത ഉപയോഗം, ജലമോഷണം എന്നിവ നടത്തുന്നവർക്കെതിരെ കനത്ത പിഴ, ജയിൽ ശിക്ഷ എന്നീ നിയമ നടപടികൾ സ്വീകരിക്കുവാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നുണ്ട്.

ജലനിധിയിലെ ഒരു ഗുണഭോക്തൃ സമിതിയിലെ ഗുണഭോക്താവ് ജലമോഷണം നടത്തിയതായി കണ്ടുപിടിച്ചാൽ സമിതി യോഗം ചേർന്ന് കണക്ഷൻ വിച്ഛേദിക്കുകയോ ഫൈൻ ഈടാക്കുകയോ ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 666

24.7.2007-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യിലെ പെൻഷൻ സമ്പ്രദായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി | | ശ്രീ.മാത്യു.ടി.തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ്<br>മന്ത്രി | |
| എ) | കെ.എസ്.ആർ.ടി.സി യിലെ നിലവിലുള്ള പെൻഷൻ സമ്പ്രദായത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; | എ) | പെൻഷൻ സമ്പ്രദായത്തിൽ മാറ്റം വരുത്തിയിട്ടില്ല. |
| ബി) | എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; എന്നു മുതലാണ് ഇതിനു പ്രാബല്യം നൽകുന്നത്; വിശദാംശം വെളിപ്പെടുത്തുമോ; | ബി) | പ്രസക്തമല്ല. |
| സി) | ഇല്ലെങ്കിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | (സി) യും (ഡി) യും<br>ജി.ഒ.(എം.എസ്) നം.4/2003/ട്രാൻ തീയതി 5.2.2003 പ്രകാരം കെ.എസ്.ആർ.ടി.സി യിൽ കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് പേയ്മെൻറ് ഓഫ് ഫെയർ വേജസ് ആക്ട് 1971 നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് പുതുതായി നിയമനം ലഭിക്കുന്നവർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ മാത്രമേ അർഹതയുള്ളൂ. എന്നാൽ ഇത് എന്നുമുതൽ നടപ്പാക്കണമെന്ന കാര്യത്തിൽ ഗവൺമെൻറ് ഇതുവരെ തീരുമാനമെടുത്തിട്ടില്ല. |
| ഡി) | പ്രസ്തുത പെൻഷൻ പരിഷ്ക്കാരം 1.4.2006 ന് ശേഷം സർവ്വീസിൽ പ്രവേശിച്ചവർക്ക് മാത്രമാക്കി നിജപ്പെടുത്തുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം.നമ്പർ 667.        24/7/07-ൽ മറുപടിക്ക്

തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്റർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എം.മോനായി:<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ:<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ. അൽഫോൺസ് കണ്ണന്താനം: | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| എ) തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്ററിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) രോഗികളുടെ എണ്ണത്തിനനുസരിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. 2007-2008 സാമ്പത്തികവർഷത്തിൽ ഇതിലെക്കായി 9 1/2 കോടി രൂപ ആർ.സി.സിക്ക് സംസ്ഥാന ബഡ്ജറ്റിൽ വകയിരിത്തിയിട്ടുണ്ട്. രോഗികളുടെ എണ്ണത്തിനനുസരിച്ചുള്ള സൗകര്യങ്ങൾ, വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥല സൗകര്യം, മെഷിനറികൾ, മരുന്നുകൾ എന്നിവ ലഭിക്കുന്നതിനുള്ള പദ്ധതികളാണ് സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുള്ളത്. കൂടാതെ ഇതനുസരിച്ചുള്ള കൂടുതൽ സ്റ്റാഫിനെ (ഡോക്ടർമാർ, നഴ്സുമാർ, മറ്റു പാരാമെഡിക്കൽ സ്റ്റാഫ്) നിയമിക്കുന്നതിനുള്ള നടപടികളും നിർദ്ദേശങ്ങളിൽ ഉൾപ്പെടുന്നുണ്ട്. |
| ബി) ഇപ്പോൾ എത്ര പേരെ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യമാണ് ഇവിടെ ഉള്ളത്; | ബി) 274 പേരെ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യമാണ് ഇപ്പോഴുള്ളത്. കൂടാതെ ഡേ കെയർ കീമോതെറാപ്പി വാർഡിൽ കീമോതെറാപ്പിക്കുവേണ്ടി മാത്രം 61 കിടക്കകൾ പ്രത്യേകം സജ്ജീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) രോഗികൾക്ക് സൗജന്യ ചികിൽസ നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; | സി) രോഗികളെ അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയാണ് സൗജന്യചികിൽസ നൽകുന്നത്. സാമ്പത്തിക ശേഷിയുള്ളവരെ O വിഭാഗത്തിൽ ഉൾപ്പെടുത്തി സാധാരണ ഫീസും വരുമാനം കുറഞ്ഞവരെ M വിഭാഗത്തിൽ ഉൾപ്പെടുത്തി മിനിമം നിരക്കിലുള്ള ഫീസും ആണ് ഈടാക്കുന്നത്. F വിഭാഗക്കാരായ നിർദ്ധനരായ രോഗികൾക്കാണ് സൗജന്യ ചികിൽസ നൽകുന്നത്. |
| ഡി) സൗജന്യ ചികിൽസ നല്കുന്നതിനുള്ള ഇൻഷ്വറൻസ് പദ്ധതി ആർ.സി..സിയിൽ നടപ്പിലാക്കിയിരുന്നോ; എങ്കിൽ പദ്ധതിയുടെ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു; ഇപ്പോൾ ഈ പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ പദ്ധതി തുടർന്നും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ഡി) 1986-ൽ ആരംഭിച്ച കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി ചെറിയ മാറ്റങ്ങളോടെ ഇപ്പോഴും തുടരുന്നു. 1986-ൽ 101 രൂപ യായിരുന്നു ആജീവനാന്തഅംഗത്വഫീസ്. അംഗത്വമെടുത്ത് രണ്ടു വർഷത്തിനുശേഷം കാൻസർ ബാധിക്കുകയാണെങ്കിൽ എല്ലാവിധ കാൻസർ ചികിൽസയും പൂർണ്ണമായും സൗജന്യമായി നൽകുന്നതായിരുന്നു പദ്ധതി. ആനുകൂല്യങ്ങൾക്ക് പരിധി നിശ്ചയിച്ചിരുന്നില്ല.<br>1992-ൽ അംഗത്വ ഫീസ് 500 രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് ആനുകൂല്യങ്ങൾ അതേപടി നിലനിർത്തുന്ന രണ്ടാംഘട്ട പദ്ധതി ആരംഭിച്ചു.<br>1997-ലാണ് നിലവിലുള്ള മൂന്നാംഘട്ട പദ്ധതി ആവിഷ്കരിച്ചത്. ഇതനുസരിച്ച് 500 രൂപയുടെ അംഗത്വമെടുക്കുന്ന വ്യക്തിക്ക് 50,000 രൂപയുടെ സൗജന്യ ചികിൽസ നൽകും. ഒരു വ്യക്തിക്ക് നാല് അംഗത്വം വരെ എടുക്കാനുള്ള വ്യവസ്ഥയുണ്ട്. അതായത് 2000 രൂപ മുടക്കുന്ന ഒരാൾക്ക് രണ്ടുലക്ഷം രൂപയുടെ ചികിൽസ ലഭിക്കും (പ്ലാൻ -എ). കൂടാതെ 10,000 രൂപയുടെ അംഗത്വവും ഉണ്ട്. ഇതുപ്രകാരം 5 ലക്ഷം രൂപയുടെ ചികിൽസയാണ് ലഭിക്കുക(പ്ലാൻ-ബി). പ്ലാൻ എ യിൽ കുടുംബാംഗങ്ങൾ ഒന്നിച്ച് അംഗത്വം എടുക്കുമ്പോൾ ഡിസ്കൗണ്ടും ലഭ്യമാണ്. |

| | |
|---|---|
| | അച്ഛൻ, അമ്മ, പതിനെട്ടുവയസ്സിനുതാഴെയുള്ള കുട്ടികൾ എന്നിവരടങ്ങിയ മൂന്നുപേരുള്ള കുടുംബത്തിന് 1,400 രൂപയും 4 പേരുള്ള കുടുംബത്തിന് 1,700 രൂപയും അഞ്ചംഗകുടുംബത്തിന് 2000 രൂപയും ഒന്നിച്ചടച്ചാൽ മതിയാകും.. കൂടാതെ 100 അംഗങ്ങളിൽ കൂടുതൽ ഒന്നിച്ച് അംഗത്വം എടുക്കുകയാണെങ്കിൽ അങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് പത്ത് ശതമാനം ഡിസ്ക്കൗണ്ടും അനുവദിക്കുന്നുണ്ട്. |
| ഇ) വിദഗ്ദ്ധ ചികിൽസാ സൗകര്യമുള്ള കാൻസർ സെന്റർ വടക്കൻ ജില്ലകളിൽ കൂടി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഇ) തലശ്ശേരി മൂഴിക്കരയിൽ ഇപ്പോൾതന്നെ മലബാർ കാൻസർ സെന്റർ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ആഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 668 — 24.7.2007ൽ മറുപടിക്ക്.

## നഗരങ്ങളിൽ പേ വിഷബാധ തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. കെ. സുധാകരൻ<br>ശ്രീ. കെ. അച്ചുതൻ | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) നഗരങ്ങളിൽ പേവിഷബാധ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; | (എ) മൃഗസംരക്ഷണ വകുപ്പ് പേവിഷ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം എല്ലാ വളർത്തുനായ്ക്കൾക്കും പേവിഷ പ്രതിരോധ കുത്തിവയ്പ്പ് മൃഗാശുപത്രികൾ മുഖേന നൽകി വരുന്നു. സംസ്ഥാനമൊട്ടാകെ മൃഗാശുപത്രികൾ കേന്ദ്രീകരിച്ച് ബോധവൽകരണ ക്യാമ്പും സെമിനാറും നടത്തിവരുന്നു. എന്നാൽ അനിമൽ വെൽഫയർ ബോർഡിന്റെ നിർദ്ദേശ പ്രകാരം തെരുവു നായ്ക്കളുടെ കാര്യത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പും, മൃഗസംരക്ഷണ വകുപ്പും, ജന്തുക്ഷേമ സംഘടനയും സംയുക്തമായി വന്ധ്യംകരണ ശസ്ത്രക്രിയയും പ്രതിരോധ കുത്തിവയ്പും കൂടാതെ വളർത്തുനായ്ക്കൾക്ക് ലൈസൻസും നൽകുന്ന അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം എന്ന പദ്ധതിയും നിലവിലുണ്ട്. |

ബഹു. ഹൈക്കോടതിയുടെ 22-8-2006ലെ 19547/06 നമ്പർ റിട്ട് പെറ്റീഷനിലെ വിധിന്യായ പ്രകാരം തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള നടപടികളെടുക്കാൻ 24-4-2007ലെ 17957/ഡി3/07/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിനായി അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയുടെ സഹായം തേടിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും കേന്ദ്ര സഹായം ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | ഏതൊക്കെ നഗരങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്; | (ഡി) | തിരുവനന്തപുരം, കൊല്ലം, തൊടുപുഴ എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. കൊച്ചി നഗരസഭയിൽ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഇ) | ഈ പദ്ധതിയുടെ ഭാഗമായി തെരുവു നായ്ക്കളുടെ ജനന നിയന്ത്രണം, പ്രതിരോധ കുത്തിവയ്പ്പ് എന്നിവ നടപ്പിലാക്കുന്നതിന് എന്തൊക്കെ മാർഗ്ഗ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്; | (ഇ) | താഴെപറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയിൽ നിന്നും അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പ്രോഗ്രാം നടപ്പിലാക്കുന്നതിനായി ലഭിച്ചിട്ടുണ്ട്.<br><br>1. ഓരോ തദ്ദേശ പ്രദേശത്തേയും തെരുവു നായ്ക്കളുടെയും വളർത്തു നായ്ക്കളുടെയും കണക്കെടുക്കുക.<br>2. തെരുവു നായ്ക്കളെ വന്ധ്യം കരിക്കുകയും പ്രതിരോധ കുത്തിവയ്പ്പ് നൽകുകയും ചെയ്യുക.<br>3. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പ്രധാനി, ആരോഗ്യ വകുപ്പിന്റെ പ്രതിനിധി, ജന്തുക്ഷേമ സംഘടനയുടെ പ്രതിനിധി, |

വെറ്ററിനറി ഡോക്ടർ
എന്നിവരടങ്ങുന്ന മോണിട്ടറിംഗ്
കമ്മിറ്റി രൂപീകരിച്ച് മോണിട്ടറിംഗ്
നടത്തുക.
4. കെന്നലുകൾ, നായ്ക്കൾക്കുള്ള
ഷെൽട്ടറുകൾ തുടങ്ങിയവ
നിർമ്മിക്കുക.
5. നായ്ക്കളെ പിടിക്കുന്നതിനും
കൊണ്ടുപോകുന്നതിനും കൂടുകൾ
സജ്ജീകരിച്ച പിക്കപ്പ് വാൻ
വാങ്ങുക.
6. ഓരോ വാനിലും ഒരു ഡ്രൈവറും
രണ്ടു പട്ടിപിടിത്തക്കാരെയും
അനുവദിക്കുക.
7. മൊബൈൽ ആമ്പുലൻസ്
സൗകര്യം സജ്ജമാക്കുക.
8. ഇൻസിനറേറ്ററുകൾ
സ്ഥാപിക്കുക.
9. പിടിച്ച തെരുവു നായ്ക്കളെ
രോഗമൊന്നുമില്ലായെന്ന്
ഉറപ്പുവരുത്തി വൃത്തിയാക്കിയശേഷം
വന്ധ്യം കരിക്കുക
പ്രതിരോധകുത്തിവയ്പ് നൽകുക,
തിരിച്ചറിയൽ അടയാളം നൽകുക,
പിടിച്ച സ്ഥലത്തുതന്നെ തിരിച്ചു
വിടുക.
10. ചികിത്സിച്ച് ഭേദമാക്കാൻ
കഴിയാത്തവിധം മാരകമായ അസുഖം
പിടിപ്പെട്ടവയെയും പേവിഷ
ബാധയേറ്റവയെയും ദയാവധത്തിന്
വിധേയമാക്കുക.
11. ശവശരീരം മറവുചെയ്യുക.
12. പൊതുജനബോധവൽക്കരണ
ക്യാമ്പുകൾ സംഘടിപ്പിക്കുക.
13. പൊതുജനസഹകരണം
ഉറപ്പുവരുത്തുക.

(എഫ്) ഈ പദ്ധതി ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(എഫ്) സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 689 — 24.7.2007 ൽ മറുപടിയ്ക്ക്

## മൊബൈൽ ടവറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.വി.ശശികുമാർ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(ബഹു: തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി.) |
| എ മൊബൈൽ ടവറുകൾക്ക് അനുമതി നൽകുന്ന കാര്യത്തിൽ സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് എന്തെല്ലാം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; | (എ) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-1999 അദ്ധ്യായം XIX-ൽ (ചട്ടം 130 മുതൽ 142 വരെ), മൊബൈൽ ടവറുകൾ ഉൾപ്പെടുന്ന ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ചേർത്തിട്ടുണ്ട്. |
| ബി. റേഡിയേഷൻ സംബന്ധിച്ച് അറ്റോമിക് എനർജി കമ്മീഷന്റെ അനുമതി പത്രം ഹാജരാക്കിയില്ലെങ്കിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് മൊബൈൽ ടവറുകളുടെ പ്രവർത്തനം തടയാമെന്ന് ഓംബുഡ്സ്മാൻ നൽകിയ ഉത്തരവ് സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (ബി) ഓംബുഡ്സ്മാന്റെ ഉത്തരവ് ബഹു: ഹൈക്കോടതി റദ്ദുചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| സി | ജനവാസം കൂടുതലുള്ള പ്രദേശങ്ങളിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നത് നിരോധിക്കുമോ? | (സി) കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗ രേഖ അനുസരിച്ച് മൊബൈൽ ടവറുകളുടെ ആന്റിനകളിൽ നിന്നും കുറഞ്ഞ പവറിലുള്ള ഫ്രീക്വൻസി വികിരണമാണ് ഉണ്ടാകുന്നത്. ആന്റിനയ്ക്ക് 6 മീറ്ററിനുള്ളിൽ വന്നാൽ മാത്രമേ വികിരണത്തിന്റെ ദോഷഫലം ഉണ്ടാവുകയുള്ളൂ.<br>മേൽ പറഞ്ഞ കാരണങ്ങളാൽ ആന്റിന തറ നിരപ്പിൽ നിന്ന് ഉയരത്തിൽ സ്ഥാപിച്ചിരിക്കുന്നതിനാൽ ജനങ്ങൾക്ക് ദോഷഫലങ്ങൾ ബാധിക്കാൻ ഇടയില്ല. |

(signature)
സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം. 670.** **24/7/07-ൽ മറുപടിക്ക്**

**<u>മൊബൈൽ മെഡിക്കൽ യൂണിറ്റ്</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. രാജു എബ്രഹാം:<br>ശ്രീ. എം. ദിനേശ് മണി:<br>ശ്രീ. വി.ജെ. തങ്കപ്പൻ:<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ:<br>ശ്രീ. അൽഫോൺസ് കണ്ണന്താനം: | ശ്രീമതി പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| എ) ആരോഗ്യവകുപ്പിന്റെ കീഴിൽ എത്ര മൊബൈൽ മെഡിക്കൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്;<br><br>ബി) മൊബൈൽ മെഡിക്കൽ യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന ചികിൽസകൾ എന്തെല്ലാമാണ്; | (എ)+ (ബി)<br>ആരോഗ്യവകുപ്പ് ഡയറക്റ്ററിൻ കീഴിൽ പകർച്ചപ്പനി പ്രമാണിച്ചുള്ള 28 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ വകുപ്പിന്റെ കീഴിൽ 3 മൊബൈൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു. ഇതു കൂടാതെ ഊരുകളിൽ ചികിൽസാസഹായം എത്തിക്കുന്നതിനായി 13 ട്രൈബൽ മൊബൈൽ യൂണിറ്റുകളും 14 ഡിസ്ട്രിറ്റ് മൊബൈൽ ഐ യൂണിറ്റുകളും 2 സെൻട്രൽ മൊബൈൽ ഐ യൂണിറ്റുകളും, വയനാട് ജില്ലയിൽ മാനന്തവാടി കേന്ദ്രീകരിച്ച് 1 മൊബൈൽ ദന്തൽ യൂണിറ്റും പ്രവർത്തിക്കുന്നു.<br>പകർച്ചപ്പനി സംബന്ധിച്ച മൊബൈൽ യൂണിറ്റുകൾ എല്ലാ സംവിധാനങ്ങളും ഉള്ളവയാണ്. ഇവ രോഗികളെ പരിശോധിച്ച് ചികിൽസ നടത്തുകയും വിദഗ്ദ്ധ ചികിൽസ ആവശ്യമായവരെ റഫറൽ കേന്ദ്രങ്ങളിലേക്കയക്കുകയും ചെയ്യുന്നു. ട്രൈബൽ യൂണിറ്റുകൾ രോഗപരിശോധനക്കൊപ്പം, രോഗപ്രതിരോധ കുത്തിവയ്പ്പുകളും കുടുംബക്ഷേമപ്രവർത്തനങ്ങളും നടത്തുന്നു. വിദഗ്ദ്ധ ചികിൽസവേണ്ട സ്പെഷ്യലിസ്റ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യുന്നു. ഐ യൂണിറ്റുകൾ നേത്രരോഗികളെ സൗജന്യമായി പരിശോധിച്ച് ചികിൽസ നൽകുന്നു. ദന്തൽ യൂണിറ്റ് ദന്തചികിൽസാ സൗകര്യം ലഭ്യമാക്കുന്നു. |

| | |
|---|---|
| സി) യൂണിറ്റിലെ സ്റ്റാഫിന്റെ ഘടന എപ്രകാരമാണ്; മൊബൈൽ യൂണിറ്റിൽ നിന്നും രോഗികൾക്ക് ആവശ്യമായ മരുന്നുകൾ നൽകുവാൻ സംവിധാനമുണ്ടോ | പകർച്ചപ്പനി മൊബൈൽ യൂണിറ്റിൽ ഒന്നോ രണ്ടോ മെഡിക്കൽ ഓഫീസർമാരും 1 ഫാർമസിസ്റ്റും 1 സ്റ്റാഫ് നേഴ്സും ഇവരെ സഹായിക്കാനായി നഴ്സിംഗ് അസിസ്റ്റന്റ് /അറ്റന്റർ എന്നിവരും ഉണ്ടായിരിക്കും. ആവശ്യമായ മരുന്നുകൾ നൽകുവാൻ ഇവയിൽ സംവിധാനമുണ്ട്. ട്രൈബൽ മൊബൈൽ യൂണിറ്റിൽ 1 മെഡിക്കൽ ഓഫീസറും 1 ഫാർമസിസ്റ്റും 1 സ്റ്റാഫ് നേഴ്സും (ജെ.പി.എച്ച്. എൻ) 1 അറ്റൻഡന്റ്/ക്ലീനറും 1 ഡ്രൈവറും ഉണ്ടാകും.<br>മൊബൈൽ ഐ യൂണിറ്റിൽ ഒരു ഒഫ്താൽമിക് സർജനും ഒരു ഒഫ്താൽമിക് അസിസ്റ്റന്റും ഒരു ക്യാമ്പ് കോഓർഡിനേറ്ററും ആളൊന്നുവീതം അറ്റൻഡർ/ഡ്രൈവറും ഉണ്ടാകും. ഈ യൂണിറ്റിൽ ആവശ്യമായ മരുന്നുകൾ നൽകാൻ സംവിധാനം ഇല്ല. ഡെന്റൽ യൂണിറ്റിൽ ഒരു ഡെന്റൽ സർജനും ഒരു ഡെന്റൽ ഹൈജീനിസ്റ്റും ഉണ്ടാകും. ആയുർവേദ മൊബൈൽ ഡിസ്പെൻസറികളുടെ ഘടന മൊബൈൽ യൂണിറ്റിനും ബാധകമാണ്.<br>മെഡിക്കൽ ഓഫീസർ - 1<br>ഫാർമസിസ്റ്റ് - 1<br>അറ്റൻഡർ -1<br>പി.റ്റി.എസ് -1<br>ഡ്രൈവർ -1 |
| ഡി) പകർച്ചപ്പനിപ്രദേശങ്ങളുടെ സാംക്രമിക രോഗങ്ങളുടെ സാന്നിധ്യംകൂടി പരിഗണിച്ച് കൂടുതൽ മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | ഡി) ഇതു സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഇ) മൊബൈൽ യൂണിറ്റിന്റെ പ്രവർത്തനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുമോ; | ഇ) 2007-2008-ലെ എൻ.ആർ.എച്ച്-ലെ പദ്ധതിയിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| എഫ്) ആയുർവേദ, ഹോമിയോ ചികിത്സയ്ക്കായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ? | എഫ്) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 671 | 24.7.2007-ൽ മറുപടിയ്ക്ക് |
|---|---|

## ആരോഗ്യമേഖലയിലെ അഴിമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ.സി. രാജഗോപാലൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) ആരോഗ്യ മേഖലയെ അഴിമതി രഹിതമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ അഡീഷണൽ ഡയറക്ടർ വിജിലൻസിന്റെ നേതൃത്വത്തിൽ ഒരു വിജിലൻസ് സെൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസുകളിൽ വിജിലൻസ് സെക്ഷൻ പ്രവർത്തിക്കുന്നുണ്ട്. പരാതി കിട്ടുന്നതിനനു-സരിച്ച് അഡീഷണൽ ഡയറക്ടർ, വിജിലൻസ് അതത് സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തി നടപടികൾ കൈക്കൊള്ളാറുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറടക്കം മറ്റ് ജില്ലാ തല ഓഫീസർമാർ മാസംതോറും സബ്സെന്റർ മുതൽ ഉള്ള ആരോഗ്യ കേന്ദ്രവും ആശുപത്രികളും മിന്നൽ പരിശോധന നടത്തി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകുന്നുണ്ട്. കൂടാതെ ധനകാര്യ പരിശോധനാ വിഭാഗവും ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയും ആരോഗ്യ വകുപ്പിൻ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും അഴിമതി തടയാൻ സജീവമായി രംഗത്തുണ്ട്. |
| ബി) ആരോഗ്യ വകുപ്പിന്റെ കീഴിൽ ഓരോ ജില്ലയിലും പ്രത്യേക വിജില-ൻസ് സെൽ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) ഇക്കാര്യം പരിശോധിച്ചു വരികയാണ്. |
| സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കൈക്കൂലിയുമായി ബന്ധ-പ്പെട്ട് എത്ര ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്? | സി) കോട്ടയം മെഡിക്കൽ കോളേജ് - 1<br>ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ - 2 |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.672 — 24.07.2007-ൽ മറുപടിയ്ക്ക്.

## പതിനൊന്നാം പഞ്ചവത്സര പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) പതിനൊന്നാം പഞ്ചവത്സര പദ്ധതിയും 2007-2008 വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിനുള്ള സമ്പൂർണ്ണ മാർഗ്ഗനിർദ്ദേശങ്ങൾ ഇനിയും തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 14.05.2007-ലെ സ.ഉ (എം.എസ്) നം.128/2007/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പതിനൊന്നാം പദ്ധതി സംബന്ധിച്ച് വിവിധതലങ്ങളിൽ നൽകേണ്ട പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേധാവികൾ, എക്സ്-ഒഫിഷ്യോ സെക്രട്ടറിമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ ഏകദിന പരിശീലനം പൂർത്തിയാക്കി. പരിശീലകരുടെ പരിശീലനവും കഴിഞ്ഞു. വർക്കിംഗ് ഗ്രൂപ്പുകളിലെ സി.ഡി.എസ്. അംഗങ്ങൾക്കുള്ള പരിശീലനവും പൂർത്തിയാക്കി. ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾക്കുള്ള ഒന്നാംഘട്ട പരിശീലനവും പൂർത്തിയാക്കി. വിവിധ മേഖലകൾക്കുള്ള കൈപ്പുസ്തകങ്ങൾ തയ്യാറാക്കി വരുന്നു. |
| (സി) താഴെത്തട്ട് വരെയുള്ള പരിശീലന പരിപാടികൾ എന്ന് അവസാനിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) പരിശീലനം ഒരു തുടർ പ്രക്രിയയാണ്. പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്, ധനവിനിയോഗം തുടങ്ങി വിവിധ വിഷയങ്ങളിൽ പരിശീലനം നല്കുന്നുണ്ട്. ഇത് വിവിധ ഘട്ടങ്ങളിലായി അനുയോജ്യമായ സമയത്താണ് നല്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പത്താം പദ്ധതി സംബന്ധിച്ച ഉത്തരവുകൾ റദ്ദ് ചെയ്യപ്പോൾ അവയുടെ സ്പിൽഓവർ വർക്കുകൾ എങ്ങനെ പൂർത്തീകരിക്കണമെന്ന കാര്യത്തിൽ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | സ്പിൽഓവർ വർക്കുകൾ തുടർന്ന് നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(എം.എസ്) നം.106/07/തസ്വഭവ; തീയതി 9.4.2007; സ.ഉ.(എം.എസ്) 128/07/തസ്വഭവ ; തീയതി 14.05.2007 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ ജില്ലാ ആസൂത്രണ സമിതികൾ അംഗീകരിച്ചതും എന്നാൽ പൂർത്തിയാക്കാത്തതുമായ പ്രവർത്തികളാണ് സ്പിൽ ഓവർ വിഭാഗത്തിൽ ഉൾപ്പെടുത്തി തുടർന്ന് നടപ്പാക്കാവുന്നത്. കരാറിൽ ഏർപ്പെട്ട എല്ലാ പ്രവൃത്തികളും നിർബന്ധമായും 2007-08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കരാർ വ്യവസ്ഥകൾക്ക് വിധേയമായി പൂർത്തിയാക്കണം. മറ്റ് പ്രവൃത്തികളുടെ കാര്യത്തിൽ പാഴ്ചെലവ് വരാത്ത രീതിയിൽ പ്രവൃത്തി അവസാനിപ്പിക്കുന്നത് സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനത്തിന് തീരുമാനം എടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 673 24--07--2007-ൽ മറുപടിക്ക്

### പദ്ധതി വിഹിത വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജെ. അരുന്ധതി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. പി. ടി. എ. റഹീം<br>,, എസ്. രാജേന്ദ്രൻ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും<br>വകുപ്പുമന്ത്രി |
| (എ) കഴിഞ്ഞ വർഷം നഗരസഭകൾ നടത്തിയ പദ്ധതി ചെലവിൽ വൻകുറവ് അനുഭവപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 2006-07 വർഷം പദ്ധതി ചെലവിൽ കുറവ് അനുഭവപ്പെട്ടിട്ടില്ല. 2005-06 വർഷം പദ്ധതി വിഹിതത്തിന്റെ 78% ചെലവായിരുന്നത് 2006-07 വർഷം 82% ആയി വർദ്ധിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; | (ബി) പൊതുമരാമത്ത് പണികൾക്കുള്ള പുതുക്കിയ നിരക്ക് നടപ്പിലാക്കാൻ വൈകിയത്, നഗരങ്ങളിൽ ഭൂമിയുടെ വില വർദ്ധിച്ചത്, എസ്. സി. പി. പദ്ധതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട് എന്നീ കാരണങ്ങളാലാണ് പദ്ധതി ചെലവ് 100% ആകാതിരുന്നത്. |
| (സി) ഈ വീഴ്ച പരിഹരിക്കുന്നതിന് നഗരസഭാദ്ധ്യക്ഷൻമാരുടെയും സെക്രട്ടറിമാരുടെയും യോഗം വിളിച്ചിരുന്നോ; | (സി) ബന്ധപ്പെട്ട വകുപ്പു മന്ത്രിയുടെയും സെക്രട്ടറിയുടെയും നഗരകാര്യ ഡയറക്ടറുടെയും സാന്നിധ്യത്തിൽ നഗരസഭ അദ്ധ്യക്ഷൻമാരുടെ യോഗം ഒരിക്കൽ വിളിച്ചുകൂട്ടിയിട്ടുണ്ട്. നഗരസഭാ സെക്രട്ടറിമാരുടെ പ്ലാൻ റിവ്യു മീറ്റിംഗുകൾ എല്ലാ മാസത്തിലും ചേരുന്നുണ്ട്. |

ERNMENT OF KERALA 8646213

| | |
|---|---|
| (ഡി) പദ്ധതി വിഹിതം യഥാസമയം വിനിയോഗിക്കുന്നത് സംബന്ധിച്ച് സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഡി) സെക്രട്ടറിമാരുടെ പ്രതിമാസ മീറ്റിംഗുകളിൽ അവലോകനം നടത്തുകയും ആവശ്യമായ ഉത്തരവുകൾ നൽകുകയും ചെയ്യുന്നുണ്ട്. സമയബന്ധിതമായി പദ്ധതികൾ ആവിഷ്ക്കരിക്കാനും, ബന്ധപ്പെട്ട അധികാരികളുടെ അംഗീകാരം വാങ്ങാനും സമയപരിധി നിശ്ചയിച്ചു നൽകുന്നു. പദ്ധതി വിഹിതം യഥാസമയം വിനിയോഗിക്കുന്നതിനായി സമയബന്ധിതമായി വാർഡ് സഭകൾ ചേരാനും യഥാസമയം പ്രോജക്ടുകൾ ഡി. പി. സി. യിൽ ഹാജരാക്കാനും നിശ്ചിത ശതമാന വിഹിതങ്ങൾ സ്ത്രീകൾക്കും മറ്റ് ദുർബല വിഭാഗങ്ങൾക്കും നീക്കിവയ്ക്കാനും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 674

24.7.2007-ൽ മറുപടിക്ക്

## ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ.മാത്യു.ടി.തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി | |
| എ) | സംസ്ഥാനത്ത് ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് അനുവദിക്കുന്നതിൻെറ മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ; | എ) | വാഹനങ്ങളുടെ എണ്ണം, ജനസാന്ദ്രത, ജനങ്ങളുടെ ആവശ്യം തുടങ്ങിയവ കണക്കിലെടുത്ത് സർക്കാരിൻെറ നയപരമായ തീരുമാനത്തിൻെറ അടിസ്ഥാനത്തിലാണ് സബ് ആർ.ടി.ഓഫീസുകൾ ആരംഭിക്കുന്നത്. |
| ബി) | ഏതൊക്കെ താലൂക്കുകളിലാണ് ഇപ്പോൾ ജോയിൻറ് ആർ.ടി.ഓഫീസുകൾ ഇല്ലാത്തത്; | ബി) | സബ് ആർ.ടി.ഓഫീസുകൾ ഇല്ലാത്ത താലൂക്കുകൾ ചുവടെ ചേർക്കുന്നു;<br>1. കുന്നത്തൂർ (കൊല്ലം ജില്ല)<br>2. റാന്നി (പത്തനംതിട്ട ജില്ല).<br>3. കുട്ടനാട് (ആലപ്പുഴ ജില്ല)<br>4. ഉടുമ്പൻചോല (ഇടുക്കി ജില്ല)<br>5. ദേവികുളം (ഇടുക്കി ജില്ല)<br>6. ചിറ്റൂർ (പാലക്കാട് ജില്ല)<br>7. തിരൂരങ്ങാടി (മലപ്പുറം ജില്ല)<br>8. നിലമ്പൂർ (മലപ്പുറം ജില്ല)<br>9. സുൽത്താൻബത്തേരി (വയനാട് ജില്ല)<br>10. മാനന്തവാടി (വയനാട് ജില്ല) |
| സി) | പ്രസ്തുത താലൂക്കുകളിൽ ജോയിൻറ് ആർ.ടി.ഓഫീസുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | സി) | എല്ലാ താലൂക്കിലും ആഫീസ് സ്ഥാപിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം.നമ്പർ 675.     24/7/07-ൽ മറുപടിക്ക്

ഗുണനിലവാരമുള്ള മരുന്നുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആര്യാടൻ മുഹമ്മദ്:<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:<br>ശ്രീ. അടൂർ പ്രകാശ് | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| എ) സർക്കാർ ആശുപത്രികളിൽ കുറഞ്ഞ വിലയിൽ ഗുണനിലവാരമുള്ള ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് പുതിയ സംവിധാനം നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രായോഗികമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ) സർക്കാർ ആശുപത്രികളിലേക്ക് ആവശ്യമായ ഔഷധങ്ങളും മെഡിക്കൽ സാമഗ്രികളും ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്ന പേരിൽ ഒരു പുതിയ സ്ഥാപനം ആരംഭിക്കുന്നതിനുവേണ്ടിയുള്ള പഠന റിപ്പോർട്ടും അതും കമ്പനിയായി രജിസ്റ്റർ ചെയ്യുന്നതിനുള്ള കരട് മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ ആഫീസർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവ പരിശോധിച്ച് മേൽനടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ലഭ്യമായ എന്തു തുക ഇതിനായി ഇതുവരെ വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 676

24.7.2007-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യിലെ ഹൈടെക് ബസ്സുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.തിലോത്തമൻ<br>ശ്രീ.എൻ.രാജൻ<br>ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീ.പള്ളിപ്രം ബാലൻ | | ശ്രീ.മാത്യു.ടി.തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി | |
| എ) | കെ.എസ്.ആർ.ടി.സി എത്ര ഹൈടെക് ബസ്സുകൾ സർവ്വീസിനായി ഉപയോഗിക്കുന്നുണ്ട്; | എ) | കെ.എസ്.ആർ.ടി.സി ഇപ്പോൾ 1,096 ഹൈടെക് ബസ്സുകൾ സർവ്വീസിനായി ഉപയോഗിക്കുന്നുണ്ട്. |
| ബി) | ഹൈടെക്ക് ബസ്സുകൾ ഉപയോഗിച്ച് ഇനി എത്രകാലം കൂടി സർവീസ് നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | ബി) | കെ.എസ്.ആർ.ടി.സി യുടെ ഇപ്പോഴത്തെ നയം 10 വർഷമോ അല്ലെങ്കിൽ 10 ലക്ഷം കിലോമീറ്ററോ ഓടുന്നതുവരെ സർവീസ് നടത്തുക എന്നുള്ളതാണ്. ഹൈടെക്ക് ബസ്സുകളും ആ രീതിയിൽ സർവീസ് നടത്തുന്നതാണ്. |
| സി) | ഇന്ധന ചെലവ് കൂടിയതും മറ്റു ബസ്സുകളെക്കാൾ ഭാരം കൂടിയതുമായ ഈ ബസ്സുകൾ ഉപയോഗിച്ച് ഓർഡിനറി സർവീസുകൾ നടത്താൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നുണ്ടോ; | സി) | പല ന്യൂനതകൾ ഉണ്ടെങ്കിലും ബസ്സുകളുടെ കുറവു കാരണം മുലവും മറ്റും സർവീസിനായി ഉപയോഗിച്ചുവരുന്നുണ്ട്. |
| ഡി) | ഇല്ലെങ്കിൽ കാലാവധി കഴിയുന്ന മുറയ്ക്ക് പ്രസ്തുത ബസ്സുകൾ എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | കാലാവധി തീരുന്ന മുറയ്ക്ക് മറ്റ് ബസ്സുകൾ സ്ക്രാപ്പ് ചെയ്യുന്നതുപോലെ തന്നെ ഇവയും dispose ചെയ്യാൻ കഴിയും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 677

24.7.2007 ൽ മറുപടിയ്ക്ക്

## ഭരണനവീകരണ പദ്ധതി

ചോദ്യം

ശ്രീ.എ.പ്രദീപ് കുമാർ
ശ്രീ.മുരളി പെരുനെല്ലി
ശ്രീ.എ.സി.മൊയ്തീൻ
ശ്രീ.വി.ശിവൻകുട്ടി
ശ്രീ.വി.എൻ.വാസവൻ

(എ) ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തു വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

ഉത്തരം

ശ്രീ.പാലോളി മുഹമ്മദ് കുട്ടി
(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി)

(എ) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി 121 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള സേവന പ്രദാന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ താഴെ ചേർത്തിരിക്കുന്ന 12 പൊതു ഉദ്യമങ്ങളും തദ്ദേശസ്വയംഭരണ വകുപ്പ് ഏറ്റെടുത്തു നടത്തുന്നുണ്ട്.

1. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ സാമൂഹ്യ വികസന സൊസൈറ്റികളെ ശക്തിപ്പെടുത്തുക.
2. മാനസിക-ശാരീരിക വൈകല്യമുള്ളവർക്കുള്ള സാമൂഹ്യ പുനരധിവാസ പ്ലാനുകൾ തയ്യാറാക്കുക.
3. കണക്ടിവിറ്റിക്ക് ഊന്നൽ നൽകുന്ന സ്പെഷ്യൽ പ്ലാനുകൾ തയ്യാറാക്കുക
4. വിജയഗാഥകൾ പ്രചരിപ്പിക്കുക
5. പുതിയ ആഫീസ് മാനേജ്മെന്റ് സംവിധാനം നടപ്പാക്കുക
6. മാനേജ്മെന്റ് മാന്വലുകൾ തയ്യാറാക്കുക
7. സാധനങ്ങൾ വാങ്ങുന്നതിനുള്ള മാന്വലുകൾ തയ്യാറാക്കുക
8. തദ്ദേശ സ്ഥാപനങ്ങൾക്ക് പൊതുമരാമത്ത് മാന്വൽ തയ്യാറാക്കുക
9. തദ്ദേശ സ്ഥാപനങ്ങളിലെ ബജറ്റിങ്ങിനും അക്കൗണ്ടിങ്ങിനും ചട്ടങ്ങളും മാന്വലുകളും തയ്യാറാക്കുക
10. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവര സമാഹരണം
11. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ പരിശീലന ആവശ്യങ്ങൾ കണക്കാക്കുക
12. കണക്ടിവിറ്റിക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള സ്ഥലപരമായ ആസൂത്രണം.

(ബി) ത്രിതല പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഈ വർഷം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി)

1. എല്ലാ പഞ്ചായത്തുകളിലും ഇ-ഗവേർണൻസ് നടപ്പാക്കുന്നതിന്റെ ഒന്നാം ഘട്ടം പൂർത്തീകരിക്കുക.
2. ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്ന പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് താഴെ ചേർത്തിട്ടുള്ള സംവിധാനങ്ങൾ (കമ്പ്യൂട്ടർ ആപ്ലിക്കേഷനുകൾ) നടപ്പിൽ വരുത്തുന്നതാണ്.
   - (എ) ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിതരണത്തിനുള്ള സേവന
   - (ബി) പദ്ധതി നിർവ്വഹണത്തിനുള്ള സുലേഖ
   - (സി) അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്നതിനുള്ള സാംഖ്യ.
   - (ഡി) പഞ്ചായത്ത് നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഇലക്ട്രോണിക് വിജ്ഞാനകോശം സഞ്ചിത
   - (ഇ) പഞ്ചായത്ത് വെബ്സൈറ്റുകൾ സംവേദിത
3. പഞ്ചായത്ത് ജീവനക്കാർക്കും ജനപ്രതിനിധികൾക്കും പരിശീലനം നൽകുക.
4. കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും കഡസ്ട്രൽ ഡാറ്റാ ബേസ് പൂർത്തീകരിക്കുക.
5. വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കുന്നതോടൊപ്പം മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും വസ്തു നികുതി സംബന്ധിച്ച രേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുക.

(സി) തദ്ദേശ സ്ഥാപനങ്ങളിലെ ബഡ്ജറ്റിംഗിനും അക്കൗണ്ടിംഗിനും ചട്ടങ്ങളും മാന്വലും തയ്യാറാക്കുന്ന നടപടി പൂർത്തിയായോ;

(സി) ബഡ്ജറ്റ്, അക്കൗണ്ട്സ് മാന്വലുകളുടെയും ചട്ടങ്ങളുടെയും കരട് പൂർത്തിയായിട്ടുണ്ട്.

(ഡി) എം.ജി.പി. യുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ?

(ഡി) സോഷ്യൽ ഓഡിറ്റ് നടത്താനുള്ള മാന്വലിന്റെ കരട് തയ്യാറായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

-------- --------

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 678</u> <u>24.7.2007 ൽ മറുപടിയ്ക്ക്</u>

## <u>വീട്ടുകരം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.ടി.എൻ.പ്രതാപൻ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(ബഹു. തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി.) |
| (എ) വീട്ടുകരം നിർണ്ണയിക്കുന്നതിന് തറ വിസ്തീർണ്ണം മാനദണ്ഡമാക്കാമെന്ന് എ.ഡി.ബി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;<br><br>(ബി) ഇതു സംബന്ധിച്ച് എ.ഡി.ബി കരാറിൽ എന്തൊക്കെ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (എ) & (ബി) അധികാര വികേന്ദ്രീകരണ കമ്മിറ്റി ഗവൺമെന്റിനു നൽകിയ റിപ്പോർട്ടിൽ തറ വിസ്തീർണ്ണം അടിസ്ഥാനമാക്കി വീട്ടുകരം പരിഷ്കരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. 1999ലെ കേരള പഞ്ചായത്ത്രാജ് ആക്ടിന്റെ 203 വകുപ്പ് പ്രകാരവും/1999ലെ കേരള മുനിസിപ്പൽ നിയമങ്ങളിലെ 234-ാം വകുപ്പു പ്രകാരവും വീട്ടുകരം നിശ്ചയിക്കുന്നത് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>2. രണ്ടാം ധനകാര്യ കമ്മീഷൻ ഇക്കാര്യം നിർദ്ദേശിച്ചിട്ടുണ്ട്.<br>3. എഡിബി വായ്പയുമായി ബന്ധപ്പെട്ട് സർക്കാർ നല്കിയ ഉറപ്പിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി വീട്ടുകരം വർദ്ധിപ്പിക്കുന്ന നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണ്; | (സി) സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ വീട്ടുകരം പരിഷ്കരിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 23.6.2007ലെ ജി.ഒ.(എംഎസ്) നം.166/07/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. |

| | | |
|---|---|---|
| ഡി. | അമിതമായ വീട്ടുകരം വർദ്ധനവിനെ സംബന്ധിച്ച് വ്യാപകമായ ആക്ഷേപം ഉയർന്നു വന്നിരിക്കുന്ന സാഹചര്യത്തിൽ വീട്ടുകരം വർദ്ധനവ് പുനഃപരിശോധി ക്കാൻ നടപടി കൈക്കൊള്ളുമോ? | (ഡി) മേൽ ഉത്തരവ് അനുസരിച്ച് വീട്ടുകരം നിശ്ചയിക്കുമ്പോൾ അമിതമായ വർദ്ധനവ് ഉണ്ടാകുമെന്ന് കരുതുന്നില്ല. മാത്രമല്ല 30 ച.മീറ്ററിനു താഴെ വിസ്തൃതിയുള്ള വാസഗൃഹങ്ങളെ നികുതി യിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 679 — 24.7.2007-ൽ മറുപടിക്ക്

## മീനച്ചിൽ റിവർ വാലി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. ജോർജ്ജ് | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) എം. ആർ. വി. പി പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ;<br><br>(ബി) ഈ പ്രോജക്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഈ സർക്കാർ വന്നതിന് ശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;<br><br>(സി) പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എയും ബിയും, സിയും) മീനച്ചിൽ റിവർവാലി പദ്ധതിയെക്കുറിച്ച് വിശദമായി പഠിക്കുവാനും ജലവിതരണത്തിനും ജലസേചനത്തിനും ഊന്നൽ നൽകികൊണ്ട് ടി പദ്ധതിയുടെ പുന:സംഘടന നടത്തുന്നതിനുമായി സർക്കാർ ഏപ്രിൽ മാസം 18 ാം തിയതി 10 അംഗങ്ങളുടെ ഒരു വിദഗ്ധ കമ്മിറ്റിക്ക് രൂപം നൽകുകയുണ്ടായി. ഈ പദ്ധതിരേഖകൾ പരിശോധിച്ചതിൽ നിന്നും മൂവാറ്റുപുഴ ബേസനിൽ ലഭ്യമായിട്ടുള്ള വെള്ളത്തിന്റെ അളവ്, ഈ പ്രദേശത്തെ പദ്ധതികൾക്ക് ആവശ്യമായ ജലത്തിന്റെ അളവ്, മീനച്ചിൽ ബേസനിൽ ആവശ്യമായ വെള്ളത്തിന്റെ അളവ് എന്നിവ കൃത്യമല്ല എന്നു കണ്ടെത്തി കൂടുതൽ പഠനം ആവശ്യമാണ്, എന്ന് കമ്മിറ്റിക്ക് ബോധ്യമായതിനാൽ അംഗങ്ങൾ ഒന്നിച്ച്, മെയ് മാസം 14 ാം തിയതിയും 15 ാം തിയതിയും പദ്ധതി പ്രദേശങ്ങളിലെ നദികളുടെ ഒഴുക്ക്, ഭൂപ്രകൃതി എന്നിവ മനസ്സിലാക്കുന്നതിനായി ഈ പ്രദേശങ്ങൾ സന്ദർശിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു. നിലവിൽ ലഭ്യമായിട്ടുള്ള ഹൈഡ്രോളജി രേഖകൾ ന്യൂനതകളുള്ളതാകയാൽ വിവിധ വകുപ്പുകളുമായി കൂടിയാലോചിച്ച് ശരിയായ |

ഹൈഡ്രോളജി രേഖകൾ ശേഖരിച്ചു വരുന്നു. മൂവാറ്റുപുഴ, മീനച്ചിൽ ബേസിനുകളിൽപെട്ട കൃഷിസ്ഥലങ്ങളുടെ യഥാർത്ഥവിവരങ്ങൾ, ആവശ്യമായ ജലത്തിന്റെ അളവ് എന്നിവ സാങ്കേതികമായി തിട്ടപ്പെടുത്തി വരികയാണ്. പദ്ധതിയെക്കുറിച്ചുള്ള സാധ്യതാ പഠനം നടത്തുവാൻ വിദഗ്ധ സമിതിയെ രൂപീകരിച്ചത് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമാണ്.

(ഡി) ഇപ്പോൾ നടക്കുന്ന അന്വേഷണങ്ങൾ പൂർത്തിയാക്കി എന്നത്തേക്ക് ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയും ;

(ഡി) വിദഗ്ധ സമിതിയുടെ പഠന റിപ്പോർട്ട് സെപ്റ്റംബർ 15, 2007 നകം സമർപ്പിക്കത്തക്കവണ്ണം പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

(ഇ) മീനച്ചൽ നദീതട ജലസേചന പദ്ധതിയുടെ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കുമോ ?

(ഇ) ഈ പദ്ധതി എത്രയും പെട്ടെന്ന് പൂർത്തിയാക്കുവാനാണ് നടപടികൾ കൈക്കൊണ്ടുവരുന്നത്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 680

24.7.2007-ൽ മറുപടിക്ക്

"പ്രവേശന നികുതി"

ചോദ്യം

ശ്രീ. തോമസ് ചാഴികാടൻ
ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ.ജോസഫ് എം. പുതുശ്ശേരി

ഉത്തരം

ശ്രീ.മാത്യു.ടി.തോമസ്
ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ്
മന്ത്രി

എ) കേരളത്തിൽ നിന്നും അന്യ സംസ്ഥാനങ്ങളിലേക്ക് പ്രൈവറ്റ് ബസ്സുകളിൽ യാത്ര ചെയ്യുന്നവരിൽ നിന്നും ഭാരിച്ച തുക പ്രവേശന നികുതിയായി ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എ) അയൽ സംസ്ഥാനങ്ങളായ കർണ്ണാടകത്തിലും, തമിഴ്നാട്ടിലും ടൂറിസ്റ്റ് വാഹന നികുതി കേരളത്തിലെ നിരക്കിനേക്കാളും വളരെ കൂടുതലാണ്. ഈ സംസ്ഥാനങ്ങളിൽ പ്രവേശിക്കുമ്പോൾ ഈടാക്കുന്നത് പ്രവേശന നികുതിയല്ല മോട്ടോർ വാഹന നികുതിയാണ്.

ബി) ഇത് സാധാരണ യാത്രക്കാർക്ക് വലിയ സാമ്പത്തിക ഭാരം അടിച്ചേൽപ്പിക്കുന്നതിനാൽ അമിത പ്രവേശന നികുതി കുറയ്ക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ;

ബി) സാധാരണ യാത്രക്കാർക്ക് ഭാരമാകാറുണ്ട് എന്നാൽ വാഹന നികുതി അതാത് സംസ്ഥാനങ്ങളുടെ അധികാരമായതിനാൽ അതിൽ ഇടപെടുവാൻ നിയമപ്രകാരം കഴിയുകയില്ല. എന്നാൽ തമിഴ്നാടും കേരളവും തമ്മിലുള്ള ഉഭയകക്ഷി കരാറിന്റെ അടിസ്ഥാനത്തിൽ ഇരു സംസ്ഥാനങ്ങളിലേയും കോൺട്രാക്ട് കാരേജ് വാഹനങ്ങൾ സ്പെഷ്യൽ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശിക്കുമ്പോൾ അവർക്ക് നികുതിയിളവ് ലഭ്യമാണ്. അതുപോലെ ആന്ധ്രാ പ്രദേശിലെ 13 സീറ്റിൽ കൂടുതലുള്ള കോൺട്രാക്ട് കാരേജുകൾ കേരളത്തിൽ വരുമ്പോൾ കേരളത്തിലെ ഇതുപോലെയുള്ള വാഹനങ്ങൾക്ക് പ്രസ്തുത സംസ്ഥാനത്തിൽ പ്രവേശിക്കുമ്പോൾ നികുതി അടയ്ക്കേണ്ടതില്ല.

| | | | |
|---|---|---|---|
| സി) | കേരളത്തിൽ എത്തുന്ന അന്യ സംസ്ഥാന യാത്രക്കാരിൽ നിന്നും ഉയർന്ന നിരക്കിലുള്ള നികുതി ഈടാക്കുന്നുണ്ടോ; | സി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന ടൂറിസ്റ്റ് ബസ്സുകൾക്ക് കേരളത്തിനുള്ളിൽ ഓടുന്ന ടൂറിസ്റ്റ് ബസ്സുകൾക്ക് ഈടാക്കുന്ന തിനേക്കാളും ഉയർന്ന നിരക്കാണ് ഈടാക്കുന്നത്. |
| ഡി) | പ്രവേശന നികുതി ഏകീകരിക്കുന്നതിന് അയൽ സംസ്ഥാനങ്ങളുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) | അടുത്ത് തിരുവനന്തപുരത്ത് നടന്ന (6.7.2007, 7.7.2007) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട്ട് മന്ത്രിമാരുടേയും, സെക്രട്ടറിമാരുടേയും കമ്മിഷണർമാരുടേയും യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്തിരുന്നെങ്കിലും ഉയർന്ന നിരക്കുള്ള സംസ്ഥാനങ്ങൾ നിരക്ക് കുറയ്ക്കുവാൻ കഴിയില്ല എന്ന നിലപാടാണ് സ്വീകരിച്ചത്. എങ്കിലും തമിഴ് നാടുമായുള്ള ഉഭയകക്ഷി കരാർ പോലെ കർണ്ണാടകവുമായി ഉഭയ കക്ഷി കരാർ ഉണ്ടാക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം.നമ്പർ 681.        24/7/07-ൽ മറുപടിക്ക്

പകർച്ചപ്പനിക്ക് ആയുർവേദ ഹോമിയോ മരുന്നുകൾ

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ്: | ഉത്തരം<br>ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
|---|---|
| എ) പകർച്ചപ്പനി നേരിടുന്നതിനായി ഏതെല്ലാം ജില്ലകൾക്ക് പ്രത്യേകമായി തുക അനുവദിച്ചിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | എ) ആരോഗ്യവകുപ്പിന്റെ തനതുഫണ്ട് /എൻ.ആർ.എച്ച്.എം എന്നിവയിൽനിന്നുമായി സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും പകർച്ചപ്പനി നേരിടുന്നതിന് പ്രത്യേക തുക അനുവദിച്ചിരുന്നു. വിശദാംശങ്ങൾ അനുബന്ധം .1 ആയി ചേർത്തിട്ടുണ്ട്. |
| ബി) പ്രസ്തുത തുക എപ്രകാരം ചെലവഴിച്ചുവെന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | ബി) പ്രസ്തുത തുക മരുന്ന്, ഫോഗിംഗ് /സ്പ്രേയിംഗ് തുടങ്ങിയതിന് ആവശ്യമായ ഉപകരണങ്ങൾ, കീടനാശിനികൾ എന്നിവ വാങ്ങുന്നതിനും കൊതുകു നിവാരണപ്രവർത്തനങ്ങൾ, ബോധവൽക്കരണപ്രവർത്തനങ്ങൾ, മെഡിക്കൽക്യാംപുകൾ എന്നിവ നടത്തുന്നതിനുമാണ് ചെലവഴിച്ചത്. വിശദാംശങ്ങൾ അനുബന്ധം.2 ആയി ചേർത്തിട്ടുണ്ട്. |
| സി) പനിഅനുബന്ധ രോഗബാധിതരെ സംബന്ധിച്ച് ആരോഗ്യവകുപ്പ് സർവ്വേ നടത്തിയോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | സി) പനി അനുബന്ധരോഗബാധിതരെ സംബന്ധിച്ച് ആരോഗ്യവകുപ്പ് സർവ്വേ നടത്തിയിട്ടില്ല. |

| | |
|---|---|
| ഡി) ഇത്തരം രോഗബാധിതർക്ക് ആയുർവേദ-ഹോമിയോ മരുന്നുകൾ കൂടുതൽ ഫലപ്രദമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) ചില അഭിപ്രായങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഇ) പഞ്ചായത്തടിസ്ഥാനത്തിൽ ആയുർവേദ-ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | ഇ) പനിബാധിതപ്രദേശങ്ങളിൽ ബഹുജനപങ്കാളിത്തത്തോടെ *ആയുർവേദമെഡിക്കൽക്യാമ്പുകളും ഹോമിയോപ്പതിവകുപ്പിനുകീഴിൽ ദ്രുതകർമ്മ സാംക്രമികരോഗനിയന്ത്രണസെൽ(റീച്ച്)ആവശ്യമായ സ്ഥലങ്ങളിലെല്ലാം മരുന്നു വിതരണവും,* ബോധവൽക്കരണവും, പനി ക്ലിനിക്കുകളും ഇപ്പോൾതന്നെ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ആഫീസർ

## അനുബന്ധം - 1

### പകർച്ചപ്പനി നേരിടുന്നതിന് ജില്ലകൾക്ക് പ്രത്യേകമനുവദിച്ച തുക സംബന്ധിച്ച വിശദവിവരങ്ങൾ

| ജില്ല | ആരോഗ്യ വകുപ്പിൻെറ തനതു ഫണ്ട് | എൻ.ആർ. എച്ച്.എം.എൽ. നിന്ന് നൽകിയ ഫണ്ട് | എൻ.ആർ. എച്ച്.എം.എൽ നിന്നും വാർഡുതല ആരോഗ്യ ശുചിത്വ കമ്മറ്റി പ്രവർത്തനത്തിന് കൊടുത്ത ഫണ്ട്. |
|---|---|---|---|
| തിരുവനന്തപുരം | 20,00,000 രൂപ | 22,00,000 രൂപ | -- |
| കൊല്ലം | 27,00,000 രൂപ | 10,50,000 രൂപ | -- |
| പത്തനംതിട്ട | 87,25,000 രൂപ | 47,00,000 രൂപ | 43,25,000 രൂപ |
| ആലപ്പുഴ | 35,00,000 രൂപ | 12,00,000 രൂപ | 128,40,000 രൂപ |
| കോട്ടയം | 54,34,750 രൂപ | 52,00,000 രൂപ | 65,05,000 രൂപ |
| ഇടുക്കി | 28,55,000 രൂപ | 12,00,000 രൂപ | -- |
| എറണാകുളം | 41,25,000 രൂപ | 20,00,000 രൂപ | -- |
| തൃശ്ശൂർ | 20,00,000 രൂപ | -- | -- |
| പാലക്കാട് | 21,00,000 രൂപ | 10,00,000 രൂപ | -- |
| മലപ്പുറം | -- | 10,00,000 രൂപ | -- |
| കോഴിക്കോട് | 20,00,000 രൂപ | -- | -- |
| വയനാട് | 2,00,000 രൂപ | -- | -- |
| കണ്ണൂർ | -- | -- | -- |
| കാസർഗോഡ് | 1,75,000 രൂപ | -- | -- |

### ആയുർവേദം

പകർച്ചപ്പനി അധികമായി ബാധിച്ചിട്ടുള്ള തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം കൊല്ലം, എറണാകുളം ജില്ലകൾക്ക് യഥാക്രമം 5,55,000, 7,80,000, 10,35,000, 3,55,000, 5,80,000 രൂപ വീതം നൽകിയിട്ടുണ്ട്.

കൂടാതെ മറ്റ് ജില്ലകൾക്ക് നൽകിയ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഇടുക്കി | 2,70,000 രൂപ |
| തൃശ്ശൂർ | 2,70,000 രൂപ |
| പാലക്കാട് | 1,95,000 രൂപ |
| ആലപ്പുഴ | 2,25,000 രൂപ |
| മലപ്പുറം | 1,70,000 രൂപ |
| കോഴിക്കോട് | 2,00,000 രൂപ |
| കണ്ണൂർ | 1,45,000 രൂപ |
| വയനാട് | 50,000 രൂപ |
| കാസർഗോഡ് | 50,000 രൂപ |

50

## അനുബന്ധം 2

പകർച്ചപ്പനി നേരിടുന്നതിന് ജില്ലകൾക്ക് പ്രത്യേകം അനുവദിച്ചിരുന്ന തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ.

| ജില്ല | വിശദാംശം | ചെലവായ തുക |
|---|---|---|
| തിരുവനന്തപുരം | മരുന്ന്, ഫോഗിംഗ് സ്പ്രേയിംഗ്, കീടനാശിനികൾ വാങ്ങുന്നതിനും സാമൂഹ്യ പഠനം, ബോധവൽക്കരണ ക്ലാസുകൾ തുടങ്ങിയ നടത്തുന്നതിനും വേണ്ടി വിനിയോഗിച്ചു. | 20,00,000 രൂപ |
| കൊല്ലം | മേൽപ്പറഞ്ഞവയ്ക്കു പുറമേ ലാബ് കെമിക്കലുകൾ വാങ്ങുന്നതിനും തുക വിനിയോഗിച്ചു. | 26,30,000 രൂപ |
| പത്തനംതിട്ട | മരുന്നുകൾ, ബോധവൽക്കരണ ക്ലാസുകൾ. ഐ.ഇ.ഇ. പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടിയും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും സ്പ്രേയിംഗ്, ഫോഗിംഗ് തുടങ്ങിയവക്കുമായി ചെലവഴിച്ചു. | 46,15,965 രൂപ |
| ആലപ്പുഴ | മരുന്നുകൾ, ബോധവൽക്കരണ ക്ലാസുകൾ. ഐ.ഇ.ഇ. പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടിയും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും സ്പ്രേയിംഗ്, ഫോഗിംഗ് തുടങ്ങിയവക്കുമായി ചെലവഴിച്ചു. | 24,80,000 രൂപ |
| കോട്ടയം | മരുന്നുകൾ, ബോധവൽക്കരണ ക്ലാസുകൾ. ഐ.ഇ.ഇ. പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടിയും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും സ്പ്രേയിംഗ്, ഫോഗിംഗ് തുടങ്ങിയവക്കുമായി ചെലവഴിച്ചു. | 8,81,480 രൂപ |
| ഇടുക്കി | മരുന്നുകൾ, ബോധവൽക്കരണ ക്ലാസുകൾ. ഐ.ഇ.ഇ. പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടിയും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും സ്പ്രേയിംഗ്, ഫോഗിംഗ് തുടങ്ങിയവക്കുമായി ചെലവഴിച്ചു. | 25,98,600 രൂപ |
| എറണാകുളം | മരുന്നുകൾ വാങ്ങുന്നതിനുവേണ്ടി | 41,25,000 രൂപ |
| തൃശ്ശൂർ | മരുന്ന് ഫോഗിംഗ്, സ്പ്രേയിംഗ്, ക്ലോറിനേഷൻ നടത്തുന്നതിനും മറ്റു പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുംവേണ്ടി | 2,00,000 രൂപ |
| പാലക്കാട് | മരുന്നു വാങ്ങുന്നതിനുവേണ്ടി | 21,00,000 രൂപ |
| കോഴിക്കോട് | മരുന്നുകൾ, സ്പ്രേയിംഗ്, ഫോഗിംഗ് മറ്റ് പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവകൾക്കായി തുക വിനിയോഗിച്ചു | 9,40,000 രൂപ |
| വയനാട് | മരുന്നുകൾ, പി.ഒ.എൽ. ചാർജ്ജിനുവേണ്ടി | 1,00,000 രൂപ |
| കാസർഗോഡ് | ലാബ് കെമിക്കലുകൾ, ബ്ലീച്ചിംഗ് പൗഡർ, മരുന്നുകൾ മുതലായവ വാങ്ങുന്നതിനും ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിനു വേണ്ടിയും | 1,42,500 രൂപ |

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 682 — 24.7.2007 ൽ മറുപടിയ്ക്ക്

## ക്ഷേമ പെൻഷനുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ.എം.മുരളി<br>ശ്രീ.കെ.ശിവദാസൻ നായർ | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) | ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ താമസം വരുത്തുന്നുണ്ടോ; | (എ) ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം; | (ബി) ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അലോട്ട്മെന്റ് കിട്ടുന്ന മുറയ്ക്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നത്. അലോട്ട്മെന്റ് ലഭിക്കുന്നതിനുള്ള കാലതാമസം, ജീവനക്കാരുടെ കുറവ്, വർദ്ധിച്ച ജോലിഭാരം, ട്രഷറിയിൽ നിന്നും തുക മാറുന്നതിനുള്ള താമസം തുടങ്ങിയവ പെൻഷൻ വിതരണം ചെയ്യുന്നതിൽ കാലതാമസത്തിന് കാരണമാകാറുണ്ട്. |
| (സി) | ഈയിനത്തിലുള്ള എന്ത് തുക 31.3.2007 ലെ കണക്കനുസരിച്ച് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശം ഉണ്ടെന്ന് വ്യക്തമാക്കുമോ? | (സി) 12.04.2006 ലെ ജി.ഒ(പി) 177/2006/ഫിൻ നമ്പർ ഉത്തരവ് പ്രകാരം സാമൂഹ്യക്ഷേമ പെൻഷനുകൾ ബന്ധപ്പെട്ട വകുപ്പിൽ നിന്നും അനുവദിക്കുന്ന മുറയ്ക്കു കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ആവശ്യാനുസരണം മാറിയാണ് വിതരണം ചെയ്തുവരുന്നത്. ഇപ്രകാരം മാറുന്ന തുക ആവശ്യമില്ലാതെ കൈവശം വയ്ക്കുകയോ പഞ്ചായത്തിന്റെ തനതു അക്കൗണ്ടിൽ നിക്ഷേപിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.683 24-7-2007-ൽ മറുപടിക്ക്

അനധികൃത മാംസ വില്പന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ.സാജു പോൾ<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീ.എ.എം.യൂസഫ് | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) രോഗബാധയുള്ളതും അസുഖം മൂലം മരണപ്പെട്ടതുമായ മൃഗങ്ങളുടെ മാംസ വില്പന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. |
| ബി) ഇത്തരം മാംസ വില്പന തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | ബി) അംഗീകൃത അറവുശാലകളിൽ വെറ്റിനറി സർജന്റെ പരിശോധനയ്ക്കുശേഷം ആരോഗ്യമുള്ള മാടുകളെ ആന്റീമോർട്ടം, പോസ്റ്റ്മോർട്ടം എന്നിവയ്ക്ക് വിധേയമാക്കാറുണ്ട്. കേരള മുനിസിപ്പാലിറ്റീസ് ആക്ട് 455-ാം വകുപ്പുപ്രകാരവും 1996-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ ചട്ടം 10 പ്രകാരവും നിർണ്ണയിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ പരിശോധനയ്ക്ക് ശേഷം പകർച്ചവ്യാധികളോ മറ്റു രോഗങ്ങളോ ഇല്ലെന്ന് സാക്ഷ്യപ്പെടുത്തി സാക്ഷ്യപത്രം ലഭിച്ചതിനുശേഷം |

മാത്രമെ കശാപ്പു ചെയ്ത് വിൽക്കാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ മാംസവില്പനശാലകളും തങ്ങൾക്ക് ഇറച്ചി ലഭ്യമാക്കുന്ന അറവുശാലയുടെ നമ്പരും പേരും മേൽവിലാസവും പ്രസ്തുത അറവുശാലയ്ക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിൽ നിന്നും ലഭിച്ച പ്രവർത്തനാനുമതിയുടെ നമ്പരും തീയതിയും കടയുടെ മുൻവശത്തായി പ്രദർശിപ്പിക്കേണ്ടതാണെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിട്ടുണ്ട്. അത്യാവശ്യം വേണ്ട മലിനീകരണ നിയന്ത്രണ സംവിധാനങ്ങളില്ലാത്ത 21 കശാപ്പുശാലകൾ ബോർഡിന്റെ ഉത്തരവനുസരിച്ച് ഇതിനകം പൂട്ടിയിട്ടുണ്ട്. കൂടാതെ അനധികൃത അറവുശാലകൾ നിർത്തലാക്കുന്നതിനും വെറ്റിനറി സർജന്റെ മുദ്ര പതിപ്പിക്കാത്ത മാംസം വിൽക്കുന്നത് തടയുന്നതിനും അത്തരം മാംസം വിൽക്കുന്ന അറവുശാലകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും

വേണ്ട നടപടികൾ സ്വീകരിക്കണ
മെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപ
നങ്ങൾക്ക് നിർദ്ദേശം നൽകിയി
ട്ടുണ്ട്.

| | | | |
|---|---|---|---|
| സി | അംഗീകൃത അറവുശാലക ളിൽ തന്നെ ശരിയായ പരി ശോധന നടത്താതെ മൃഗ ങ്ങളെ കശാപ്പു ചെയ്യുന്ന തായി പരാതികൾ ലഭിച്ചിട്ടു ണ്ടോ; | സി | ഇല്ല. |
| ഡി | എങ്കിൽ ഇതു തടയുന്നതിന് ആവശ്യമായ നടപടി സ്വീക രിക്കുമോ? | ഡി | ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെ ട്ടാൽ കർശനനടപടി സ്വീകരിക്കു ന്നതാണ്. |

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 684 — 24.07.2007-ൽ മറുപടിക്ക്

## കുടുംബശ്രീ വഴി തൊഴിൽ-ഉല്പാദന സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കൃഷ്ണപ്രസാദ്:<br>ശ്രീ.സി.കെ.പി.പത്മനാഭൻ:<br>ശ്രീ.കെ.സി. കുഞ്ഞിരാമൻ:<br>പ്രൊഫ.സി.രവീന്ദ്രനാഥ്:<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ: | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) കുടുംബശ്രീ വഴി ആവിഷ്കരിച്ച തൊഴിൽ-ഉല്പാദന സംരംഭങ്ങൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ; | (എ) കുടുംബശ്രീ മുഖേന നഗരപ്രദേശങ്ങളിൽ 97 വ്യത്യസ്ത ഇനങ്ങളിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആരംഭിച്ച സംരംഭങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) സേവന മേഖലയിൽ കുടുംബശ്രീ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) സേവന മേഖലയിൽ വരുന്ന പ്രധാനപ്പെട്ട സംരംഭങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഐ.ടി.യൂണിറ്റ് (കമ്പ്യൂട്ടർ ഡേറ്റാ എൻട്രി & ഹാർഡ്‌വെയർ)<br>2. കാന്റീൻ / കാറ്ററിംഗ് സർവ്വീസ്<br>3. ബൈക്ക് യൂണിറ്റ്<br>4. സാന്ത്വനം (ആരോഗ്യ രംഗത്തെ ഇടപെടൽ)<br>5. മൾട്ടിപർപ്പസ് ജോബ് ക്ലബ്<br>6. ക്ലീൻകേരളാ ബിസിനസ്സ്<br>7. വനിതാ ഹോസ്റ്റൽ<br>8. കൊതുക് നിയന്ത്രണ യൂണിറ്റ് |
| (സി) ഖരമാലിന്യ നിർമ്മാർജ്ജനത്തിന് കുടുംബശ്രീ നൽകുന്ന സേവനങ്ങൾ വിശദമാക്കുമോ; എത്ര പേർ ഈ മേഖലയിൽ പ്രവർത്തിക്കുന്നു; | (സി) നഗരസഭകൾ നടപ്പിലാക്കുന്ന മാലിന്യ സംസ്കരണ പദ്ധതിയിൽ മാലിന്യശേഖരണം നടത്തുന്ന പ്രവർത്തനം ഒരു തൊഴിൽ സംരംഭം എന്ന നിലയിൽ കുടുംബശ്രീ നടപ്പാക്കുന്നു. |

മാലിന്യ ശേഖരണത്തിനുള്ള വനിതാഗ്രൂപ്പുകളെ നഗരസഭാ സി.ഡി.എസ്സുകൾ മുഖേന സംഘടിപ്പിക്കുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഈ സംരംഭങ്ങൾ ക്ലീൻകേരള ബിസിനസ്സ് എന്ന പേരിലാണ് അറിയപ്പെടുന്നത്. നഗരദരിദ്രർക്ക് സ്വയംതൊഴിലിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ സുവർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ) യിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ചാണ് ഈ യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളത്.

വിവിധ നഗരങ്ങളിൽ 190 യൂണിറ്റുകളിലായി 1900 പേർ ഈ രംഗത്ത് പ്രവർത്തിക്കുന്നു.

| | | | |
|---|---|---|---|
| (ഡി) | ഖരമാലിന്യ നിർമ്മാർജ്ജന ജോലിയിൽ ഏർപ്പെടുന്നവർക്ക് ആരോഗ്യക്ഷയം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. യൂണിറ്റുകളുടെ പരിശീലനത്തിന്റെ ഭാഗമായി ശുചിത്വസംരക്ഷണത്തെക്കുറിച്ച് അറിവ് പകരുന്നുണ്ട്. |
| (ഇ) | എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) | ബാധകമല്ല. (ഖരമാലിന്യ ശേഖരണ പ്രവർത്തനവുമായി ബന്ധപ്പെട്ട "മാനേജ്മെന്റ് പ്രോട്ടോകോൾ" തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും, കുടുംബശ്രീ യൂണിറ്റുകൾക്കും വേണ്ടി തയ്യാറാക്കി വരുന്നു) |

സെക്ഷൻ ഓഫീസർ

Annexure I

# നഗരപ്രദേശത്തെ സംരംഭങ്ങൾ

| ക്രമ നമ്പർ | സംരംഭങ്ങളുടെ പേര് |
|---|---|
| 1 | ഡയറക്ട് മാർക്കറ്റിംഗ് |
| 2 | ഐറ്റി യൂണിറ്റ് |
| 3 | സോപ്പ് നിർമ്മാണ യൂണിറ്റ് |
| 4 | കാന്റീൻ/കാറ്ററിംഗ് സർവീസ് |
| 5 | ഡയറി യൂണിറ്റ് |
| 6 | നാടൻ പലഹാര യൂണിറ്റ് |
| 7 | ഐറ്റി @ സ്കൂൾ |
| 8 | റെഡിമെയ്ഡ് ഗാർമെന്റ്സ് |
| 9 | കരിക്ക് വില്പന യൂണിറ്റ് |
| 10 | പലചരക്ക് കട |
| 11 | പേപ്പർ കവറുകളും ബാഗുകളും |
| 12 | കേരശ്രീ (വെളിച്ചെണ്ണ ഉല്പാദനം) |
| 13 | ചവിട്ടി നെയ്ത്ത്/ നിർമ്മാണം |
| 14 | സൂപ്പർ മാർക്കറ്റ് |
| 15 | കറി പൗഡർ |
| 16 | കുട നിർമ്മാണം |
| 17 | മൊബൈൽ വില്പന യൂണിറ്റ് (വാൻ) |
| 18 | ലോൺട്രി യൂണിറ്റ് |
| 19 | സോളിഡ് വെയ്സ്റ്റ് പ്രോസസിംഗ് യൂണിറ്റ് |
| 20 | റെമഡിയൽ എഡ്യൂക്കേഷൻ സെന്റർ |
| 21 | ബേക്കറി |
| 22 | ടെയിലറിങ്ങ് |
| 23 | ബുക്ക് ബൈൻഡിങ് യൂണിറ്റ് |
| 24 | കാർഷിക നഴ്സറി |
| 25 | ക്ലീൻ കേരള ബിസിനസ്സ് |
| 26 | ഗ്രൈൻഡിങ് യൂണിറ്റ് |
| 27 | ഫിഷ് വെൻഡിങ്ങ് യൂണിറ്റ് |
| 28 | തഴപ്പായ യൂണിറ്റ് |
| 29 | കൺസ്യൂമർ സ്റ്റോർ |
| 30 | അച്ചാർ നിർമ്മാണം |
| 31 | ബാഗ് നിർമ്മാണം |
| 32 | കയർ ഉല്പന്നങ്ങൾ |
| 33 | വാനില നഴ്സറി |
| 34 | തുണി സഞ്ചി |
| 35 | ബാംബൂ യൂണിറ്റ് |
| 36 | ചെരുപ്പ് നിർമ്മാണം |
| 37 | [illegible] |

## നഗരപ്രദേശത്തെ സംരംഭങ്ങൾ

| ക്രമ നമ്പർ | സംരംഭങ്ങളുടെ പേര് |
|---|---|
| 38 | മെറ്റൽ ക്രഷർ |
| 39 | വീ ഹെൽപ്പ് യൂണിറ്റ് |
| 40 | നോട്ട് ബുക്ക് നിർമ്മാണം |
| 41 | ബ്യൂട്ടി പാർലർ |
| 42 | ഹോളോ ബ്രിക്സ് |
| 43 | ഹാൻഡി ക്രാഫ്റ്റ് |
| 44 | കളിപ്പാട്ട നിർമ്മാണം |
| 45 | കംപ്യൂട്ടർ ഹാർഡ് വെയർ |
| 46 | ഹോസ്പിറ്റൽ ഹോട്ടൽ |
| 47 | ഫോൺ റിപ്പയർ |
| 48 | ഹെർബൽ നഴ്സറി |
| 49 | പ്രസൂതിക |
| 50 | അരി/അരിപ്പൊടി കച്ചവടം |
| 51 | ചിക്കൻ സ്റ്റാൾ |
| 52 | ഇല്ക്ട്രോണിക് യൂണിറ്റ് |
| 53 | കക്ക പ്രോസ്സസ്സിങ് |
| 54 | പാലട നിർമ്മാണം |
| 55 | നെൽകൃഷി |
| 56 | പപ്പടം നിർമ്മാണം |
| 57 | മൾട്ടി പർപ്പസ് ജോബ് ക്ലബ് |
| 58 | മെഴുകുതിരി/അഗർബത്തി |
| 59 | ആട്ട പായ്ക്കിങ് |
| 60 | ചിപ്സ് യൂണിറ്റ് |
| 61 | സ്ത്രീകളുടെ കൺസ്ട്രക്ഷൻ വർക്ക് |
| 62 | ഡേകെയർ യൂണിറ്റ് |
| 63 | ഡോകുമെന്റേഷൻ/ഫയൽ നിർമ്മാണം |
| 64 | ഇല്ക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റ് |
| 65 | കസേര നിർമ്മാണം |
| 66 | ഐസ്ക്രീം പാർലർ |
| 67 | ആഭരണ നിർമ്മാണം |
| 68 | പെയിന്റിങ് യൂണിറ്റ് |
| 69 | പന്തൽ യൂണിറ്റ്/ഹയറിംഗ് യൂണിറ്റ് |
| 70 | പൗൾട്രി ഫാം |
| 71 | പ്രിന്റിങ് യൂണിറ്റ് |
| 72 | ഷാൾ/പർദ നിർമ്മാണം |
| 73 | ടാർപ്പോളിൻ/ചാക്കുവിരി |
| 74 | വനിതാ ഹോസ്റ്റൽ |
| 75 | വിറക് കച്ചവടം |

## നഗരപ്രദേശത്തെ സംരംഭങ്ങൾ

| ക്രമ നമ്പർ | സംരംഭങ്ങളുടെ പേര് |
| --- | --- |
| 76 | സൗണ്ട് സിസ്റ്റം |
| 77 | ബൈയോ ടെക്നോളജി |
| 78 | കാഷ്യൂനട്ട് ഉൽപന്നങ്ങൾ |
| 79 | സിമന്റ് ഉല്പന്നങ്ങൾ |
| 80 | തുണി നെയ്ത്ത് |
| 81 | ഹോം നഴ്സിംങ് യൂണിറ്റ് |
| 82 | നെറ്റ് വർക്കസ് |
| 83 | മൺപാത്ര നിർമ്മാണം |
| 84 | സോഡ നിർമ്മാണം |
| 85 | വെജിറ്റബിൾ വെൻഡിങ് |
| 86 | വാഹന സർവീസ് |
| 87 | കാർപ്പെറ്റ് നിർമ്മാണം |
| 88 | ഫാൻസി & റെന്റൽസ് |
| 89 | ഫാഷൻ ഡിസൈനിങ് |
| 90 | ആട് വളർത്തൽ |
| 91 | ജ്വല്ലറി ഡിസൈനിങ് |
| 92 | കൊതുക് നിയന്ത്രണ യൂണിറ്റ് |
| 93 | പൈപ്പ് ബെൻഡിങ് |
| 94 | വെയ്സ്റ്റ് പേപ്പർ കളക്ഷൻ |
| 95 | ന്യൂട്രീമിക്സ് |
| 96 | സാനിറ്ററി നാപ്കിൻ |
| 97 | ഹെർബൽ പ്രോഡക്ട്സ് |

**പന്ത്രണ്ടാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 685** | **24.07.2007 -ൽ മറുപടിക്ക്**

**ചേരി നിവാസികളുടെ പാർപ്പിട പ്രശ്നം.**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ:<br>ശ്രീ.എ.എ.അസീസ്: | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) ദാരിദ്ര്യ രേഖക്ക് താഴെയുള്ള ചേരി നിവാസികളുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) ഉണ്ട്. 1997-98 മുതൽ 2005-06 വരെ നടപ്പാക്കിയിരുന്ന കേന്ദ്ര സർക്കാരിന്റെ ദേശീയ ചേരിവികസന പരിപാടി(NSDP) പ്രകാരം പുതിയ വീടുകൾ നിർമ്മിക്കുന്നതിനും, വീടുകളുടെ അറ്റകുറ്റപ്പണികൾക്കുമായി തുക വകയിരുത്തിയിരുന്നു. ഇത് പ്രകാരം ദരിദ്രർക്ക് ഭവന നിർമ്മാണത്തിന് 5000 രൂപ വീതവും വീടിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് 3000 രൂപ വീതവും സഹായധനം അനുവദിച്ചിരുന്നു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് വിവിധ നഗരങ്ങളിലായി 23,720 പുതിയ വീടുകളും 49,073 വീടുകളുടെപുനരുദ്ധാരണവും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2001-02 മുതൽ 2005-06 വരെ കേന്ദ്ര സർക്കാർ നടപ്പാക്കിയിരുന്ന വാത്മീകി അംബേദ്കർ ആവാസ് യോജന (വാംബെ) പ്രകാരം |

)VERNMENT OF KERALA

8490863

ഭവനനിർമ്മാണത്തിന് വീടൊന്നിന് 40000 രൂപ വീതം അനുവദിച്ചിരുന്നു. 30,575 വീടുകൾ നിർമ്മിക്കുന്നതിനുള്ള തുക നഗര സഭകൾക്ക് അനുവദിച്ചിട്ടുണ്ട്. വാംബെ പദ്ധതി പ്രകാരം 22,743 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്. ബാക്കി വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

കേരളത്തിൽ തിരുവനന്തപുരം, കൊച്ചി നഗരങ്ങളൊഴികെയുള്ള നഗരപ്രദേശങ്ങളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ചേരിനിവാസികളുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി നിലവിലുണ്ടായിരുന്ന ദേശീയ ചേരിവികസന പരിപാടിയും വാത്മീകി അംബേദ്കർ ആവാസ് യോജനയും സമന്വയിപ്പിച്ചുകൊണ്ട് കേന്ദ്രസർക്കാർ സംയോജിത പാർപ്പിട ചേരിവികസന പരിപാടി(IHSDP) ആവിഷ്കരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന് (ജെ.എൻ.എൻ.യു.ആർ.എം) ന്റെ ഉപപദ്ധതിയായി ബെയ്സിക് സർവ്വീസസ് ഫോർ അർബൻ പുവർ (ബി.എസ്.യു.പി) ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ചേരി നിവാസികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന്

(ബി) എൻ.എസ്.ഡി.പി പ്രകാരം കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്.

കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

നാളിതുവരെയായി 8841.71 ലക്ഷം രൂപ ചേരി വികസനത്തിനായി നഗരസഭകൾക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ 30 ശതമാനം തുക ഭവനനിർമ്മാണത്തിനും പുനരുദ്ധാരണത്തിനും ഉപയോഗിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് വിവിധ നഗരങ്ങളിലായി 23,720 പുതിയ വീടുകളും 49,073 വീടുകളുടെ പുനരുദ്ധാരണവും നടപ്പിലായിട്ടുണ്ട്.

വാംബെ പ്രകാരം നാളിതുവരെയായി 6116.05 ലക്ഷം രൂപ കേന്ദ്രവിഹിതമായി ഭവനനിർമ്മാണത്തിന് ലഭിച്ചിട്ടുണ്ട്. ഐ.എച്ച്.എസ്.ഡി.പി പദ്ധതിയുടെ കീഴിൽ 2006-07, 2007-08 എന്നീ സാമ്പത്തിക വർഷങ്ങളിലായി 22 നഗരസഭകളുടെ 11723.96 ലക്ഷം രൂപയുടെ പദ്ധതികൾക്ക് കേന്ദ്രം അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 8336.48 ലക്ഷം രൂപ കേന്ദ്രസഹായമാണ്. 2022.52 ലക്ഷം രൂപ കേന്ദ്രസർക്കാരിൽ നിന്നും ആദ്യ ഗഡുവായി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വിവിധ നഗരങ്ങളിലായി 6074 പുതിയ വീടു കൾക്കും 3388 വീടുക ളുടെ പുനരുദ്ധാരണത്തിനും അനുമതി ലഭിച്ചിട്ടുണ്ട്.

ബെയ്സിക് സർവ്വീസസ് ഫോർ

അർബൻ പൂവർ (ബി.എസ്.യു.പി) പദ്ധതിയിൽ തിരുവനന്തപുരം, കൊച്ചി നഗരങ്ങളുടെ 69.20 കോടി രൂപയുടെ പ്രോജക്ട് കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 1184.40 ലക്ഷം രൂപ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇത് പ്രകാരം തിരുവനന്തപുരം നഗരത്തിൽ 3133 പുതിയ വീടുകൾക്കും 107 വീടുകളുടെ പുനരുദ്ധാരണത്തിനും കൊച്ചി നഗരത്തിൽ 1243 പുതിയ വീടുകൾക്കും 197 ഭവന പുനരുദ്ധാരണത്തിനും അനുമതി ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 686** | **24.07.2007 -ൽ മറുപടിക്ക്**

**സുസ്ഥിര നഗര വികസന പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ.ബാബു :<br>ശ്രീ.എ.പി.അനിൽകുമാർ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) സുസ്ഥിര നഗരവികസന പദ്ധതി പ്രകാരം എ.ഡി.ബി.ലോൺ എടുക്കുന്നതിന് കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ടോ ; | (എ) എ.ഡി.ബി ലോൺ എടുക്കുന്നതിന് സർക്കാർ പ്രത്യേക കൺസൾട്ടൻസിയെ നിയമിച്ചിട്ടില്ല. |
| (ബി) ഉണ്ടെങ്കിൽ ആരെയെല്ലാമാണ് കൺസൾട്ടന്റുമാരായി നിയമിച്ചതെന്നും അവർക്കോരോരുത്തർക്കും നൽകേണ്ട കൺസൾട്ടൻസി ഫീസ് എത്ര വീതമാണെന്നും വ്യക്തമാക്കുമോ ? | (ബി) ബാധകമല്ല |

സെക്ഷൻ ഓഫീസർ

ERNMENT OF KERALA

8452500

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 687 | 24.7.2007-ൽ മറുപടിയ്ക്ക് |
|---|---|

മരുന്നുകളുടെ വിലവർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു.സി. രാമൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) മരുന്നുകളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) മരുന്നുകളുടെ വില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) മരുന്ന് കമ്പനികൾ പേര് മാറ്റി മരുന്നുകളുടെ വില വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഇല്ല |
| സി) മരുന്നുവില നിയന്ത്രിക്കുന്നതിന് സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ? | സി) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ് ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഉത്തരവനുസരിച്ച് മരുന്ന് വിലകൾ തീരുമാനിക്കുന്നത്. പേയിംഗ് കൗണ്ടറുകൾ വഴിയും നീതി സ്റ്റോറുകൾ വഴിയും ന്യായവിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കിവരുന്നു. ഈ സംവിധാനം കൂടുതൽ ഊർജിതമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് വാങ്ങി സർക്കാർ ആശുപത്രികൾക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി ഒരു കോർപ്പറേഷൻ രൂപീകരിക്കുന്ന നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം : 688

24.07.2007 ൽ മറുപടിയ്ക്ക്

## മുല്ലപ്പെരിയാർ ഡാം സംരക്ഷണം

ചോദ്യം

ശ്രീ. എ. പി. അനിൽകുമാർ :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. പി. സി. ശശിധരൻ :

(എ) മുല്ലപ്പെരിയാർ ഡാം സംരക്ഷിക്കുന്നതിനായി സംസ്ഥാനത്തു നിലവിലുള്ള വനസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സംസ്ഥാന സർക്കാർ നിയമിച്ച ദേശീയ വിദഗ്ദ്ധ സമിതി ഇതു സംബന്ധിച്ച് എന്തെങ്കിലും ശുപാർശകൾ നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ എന്തൊക്കെ ശുപാർശകളാണ് നൽകിയിട്ടുള്ളത് ?

ഉത്തരം

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ
(ജലവിഭവ വകുപ്പ് മന്ത്രി)

(എ), (ബി) ആന്റ് (സി)

മുല്ലപ്പെരിയാർ ഡാമിലെ ജല നിരപ്പുയർത്തിയാലുണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് സർക്കാർ നിയോഗിച്ച ദേശീയ വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിൽ വന്യജീവി സംരക്ഷണ {Wild life [Protection] Act, 1972} നിയമത്തിലെ 9-ാം വകുപ്പ് മുല്ലപ്പെരിയാർ ഡാം സംരക്ഷണം സംബന്ധിച്ച് പൂർണതോതിൽ ഉപയോഗിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ ഡാം ബലപ്പെടുത്തൽ, പുതിയ ഡാമിന്റെ നിർമ്മാണം മുതലായ കാര്യങ്ങളിലും വനം വകുപ്പിന്റെ പങ്കാളിത്തം ആവശ്യമാണെന്നും, അത് മുല്ലപ്പെരിയാർ ഡാം സ്ഥിതി ചെയ്യുന്ന വന്യജീവി സങ്കേതത്തിന്റെ പരിസ്ഥിതിയ്ക്കുണ്ടായേക്കാവുന്ന കോട്ടത്തിന്റെ തീവ്രത കുറയ്ക്കാൻ വേണ്ട നടപടി കൈക്കൊള്ളുന്നതിന് സാദ്ധ്യമാകുമെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 689

24.7.2007-ൽ മറുപടിക്ക്

## 'സ്പീഡ് ട്രേസർ' സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.ജി.കാർത്തികേയൻ<br>ശ്രീ.കെ.ശിവദാസൻ നായർ | | ശ്രീ.മാത്യു.ടി.തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ്<br>മന്ത്രി | |
| എ) | അമിതവേഗത്തിലോടുന്ന വാഹനങ്ങൾ പിടികൂടാനുള്ള 'സ്പീഡ് ട്രേസർ' സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ എത്ര വാഹനങ്ങൾ ഇതിനായി ഉപയോഗിക്കുന്നു | ബി) | 11 എണ്ണം |
| സി) | ഇതിനായി ഉപയോഗിക്കുന്ന വാഹനത്തിൽ എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | സി) | ചില സ്പീഡ് ട്രേസർ വാഹനങ്ങളിൽ അമിത വേഗത അളക്കുന്ന റഡാറുകൾ കൂടാതെ വാഹന പുക പരിശോധിക്കാനായി സ്മോക്ക് മീറ്ററും ഗ്യാസ് അനലൈസറും ഘടിപ്പിച്ചിട്ടുണ്ട്. |
| ഡി) | മദ്യപിച്ച് വാഹനമോടിക്കുന്നവരെ പിടികൂടാനുള്ള ബ്രെത്ത് അനലൈസർ ഇത്തരം വാഹനങ്ങളിൽ ഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | ഡി) | ബ്രെത്ത് അനലൈസറുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |
| ഇ) | ഇത്തരം ക്രമീകരണങ്ങളുള്ള വാഹനങ്ങൾ കൂടുതലായി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.690 24-7-2007-ൽ മറുപടിക്ക്

**ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.ജോർജ്ജ് മേഴ്സിയർ<br>ശ്രീ.എം.എ.വാഹീദ് | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതി പ്രകാരം തിരുവനന്തപുരം നഗരസഭ സമർപ്പിച്ച പദ്ധതികൾ അംഗീകരിച്ചിട്ടുണ്ടോ; | എ) തിരുവനന്തപുരം നഗരസഭ സമർപ്പിച്ച രണ്ട് പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം കിട്ടിയതെന്നും ഇതിൽ ഓരോ പദ്ധതിക്കും എന്തു തുക വീതമാണ് ലഭിക്കുന്നതെന്നും വെളിപ്പെടുത്തുമോ; | ബി) ശുദ്ധജല വിതരണ പദ്ധതിക്കും സീവറേജ് പദ്ധതിക്കുമാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ ശുദ്ധജല വിതരണത്തിന് 87.16 കോടി രൂപയും സീവറേജ് പദ്ധതിക്ക് 215.41 കോടി രൂപയുമാണ് അംഗീകരിച്ചിരിക്കുന്നത്. |
| സി) ഈ പദ്ധതികൾക്ക് കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ടോ;<br>ഡി) കൺസൾട്ടന്റായി ആരെയാണ് നിയമിച്ചതെന്ന് വ്യക്തമാക്കാമോ? | സി & ഡി) ഈ പദ്ധതികൾക്ക് പ്രത്യേകമായി കൺസൾട്ടന്റിനെ നിയമിച്ചിട്ടില്ല. കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ ഡിസൈൻ ആന്റ് സൂപ്പർവൈസറി കൺസൾട്ടന്റുമാരുടെ സേവനം ഈ പദ്ധതികളുടെ നിർവഹണത്തിനായി പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ